സാമൂഹിക പ്രത്യാഘാത പഠനം

കുന്നംകുളം ജംഗ്ഷൻ വികസനം

കുന്നംകുളം, പോർക്കുളം,ചൊവ്വന്നൂർ വില്ലേജുകൾ
കുന്നംകുളം താലൂക്ക്, തൃശ്ശൂർ ജില്ല

0.81521 ഹെക്ടർ

അന്തിമ റിപ്പോർട്ട്
തീയതി : 10/02/2025

റിക്വസിഷൻ അധികാരി
കേരള റോഡ് ഫണ്ട് ബോർഡ്
(കെ.ആർ.എഫ്.ബി)

കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.org

ഉള്ളടക്കം

അദ്ധ്യായം 1- പദ്ധതിയും പൊതു ആവശ്യവും

1.1 ആമുഖം- പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). നടപ്പാക്കൽ ഏജൻസി

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

(ഡി). പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.5. സാമൂഹിക പ്രത്യാഘാതം

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അദ്ധ്യായം 2- പദ്ധതി വിശദീകരണം

2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

2.1.1. റിക്വസിഷൻ അധികാരി - കെ.ആർ.എഫ്.ബി (കേരള റോഡ് ഫണ്ട് ബോർഡ്)

2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണ വിഭാഗം

2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ

2.3.1. പദ്ധതി പ്രദേശം

2.4. പദ്ധതി നിർവ്വഹണ ഘട്ടം

2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

2.6. പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

അദ്ധ്യായം 3- സാമൂഹിക പ്രത്യാഘാത പഠനം-സമീപനവും രീതിശാസ്ത്രവും

3.1. പശ്ചാത്തലം

3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

3.3. പഠന സമീപനം

3.4. പദ്ധതിയുടെ രീതിശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

3.5. വിവരശേഖരണ കേന്ദ്രങ്ങൾ

3.6. നടപടികളും സമയക്രമങ്ങളും

3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

അദ്ധ്യായം 4- പദ്ധതി ഭൂമിയുടെ വിശകലനം

4.1. ഭൂമിയുടെ വിവരണം

4.2. പദ്ധതി പ്രദേശത്തിൽ ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ വിവരണം.

4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതുസ്വത്തിന്റെയും വിവരണം.

4.5. പദ്ധതിക്കുവേണ്ടി ഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റിവയ്ക്കപ്പെടുകയോ, വാടകയ്ക്ക് എടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരണം.

4.6. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്ഥാനം, വിസ്തീർണ്ണം മറ്റു വിവരങ്ങൾ

4.7. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്വഭാവം, ഘടന, കൃഷിരീതി, ജല ലഭ്യത

4.8. വസ്തുവിന്റെ വിസ്തൃതി, ഉടമസ്ഥതാ സ്വഭാവം, വിവരണം, താമസ ഭവനങ്ങളുടെ എണ്ണം.

4.9. ഭൂമി വില, ഉടമസ്ഥാവകാശത്തിലെ മാറ്റങ്ങൾ, ഭൂമി കൈമാറ്റം, ഭൂമിയുടെ ഉപയോഗം-കഴിഞ്ഞ 3 വർഷങ്ങളിൽ

അദ്ധ്യായം 5 - ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

5.1. പദ്ധതി നേരിട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.2. പദ്ധതി നേരിട്ട് അല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.3. ഉപയോഗപ്രദമായതും അല്ലാത്തതുമായ ഭൂമിയുടെയും, മറ്റ് സ്വത്തുക്കളുടെയും വിവരങ്ങൾ

അദ്ധ്യായം 6- പദ്ധതി ബാധിതരുടെ സാമൂഹ്യ- സാമ്പത്തിക-സാംസ്കാരിക വിവരങ്ങൾ

6.1. ജനസംഖ്യ വിവരങ്ങൾ

6.2. സ്ത്രീ - പുരുഷ അടിസ്ഥാനത്തിൽ ഭൂവുടമകളുടെ വിവരണം.

6.3. പദ്ധതി ബാധിതരായ ഭൂവുടമകളുടെ വയസ്സ് തിരിച്ചുള്ള വിവരണം

6.4. കുടുംബാംഗങ്ങളുടെ എണ്ണം അനുസരിച്ച് ഭൂവുടമകളുടെ വിവരണം.

6.5. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.6. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.7. ഭൂവുടമകളുടെ സാമ്പത്തികസ്ഥിതി

6.8. ജോലി അടിസ്ഥാനമാക്കി ഭൂവുടമകൾ

6.9. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ

6.10. പദ്ധതി ബാധിതരുടെ കുടുംബാംഗങ്ങളുടെ സാമൂഹ്യ - സാമ്പത്തിക വിവരങ്ങൾ

6.10.1. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ പ്രായം തിരിച്ചുള്ള വിവരങ്ങൾ

6.10.2. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളും വിദ്യാഭ്യാസ നിലവാരം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

6.11. ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരണം

6.11.1. ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വയസ്സ് തിരിച്ചുള്ള വിവരണം

6.11.2. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരങ്ങൾ

6.11.3. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരങ്ങൾ

6.11.4 ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ സാമ്പത്തിക സ്ഥിതി

6.11.5. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരങ്ങൾ

അദ്ധ്യായം 7 - സാമൂഹ്യപ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതി

7.1. പ്രത്യാഘാത ലഘൂകരണ നടപടികൾ

7.2. പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ

7.3. പദ്ധതിക്ക് വേണ്ടി ഭൂമി ആവശ്യപ്പെടുന്ന നടപ്പാക്കൽ ഏജൻസി പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ

7.4 .സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റങ്ങളും കൂട്ടി ചേർക്കേണ്ട കാര്യങ്ങളും

7.5. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം-വിശദാംശങ്ങൾ

അദ്ധ്യായം 8- സാമൂഹ്യപ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ നടപ്പാക്കൽ സംവിധാന ഘടന

8.1. സ്ഥാപന ഘടനാ സംവിധാനം

അദ്ധ്യായം 9- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണവും ബജറ്റും പ്രത്യാഘാത ലഘൂകരണത്തിന് വേണ്ടിയുള്ള സാമ്പത്തികവും

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ചിലവ്

9.2. വാർഷിക ബജറ്റും പദ്ധതി രൂപരേയും

9.3. സാമ്പത്തിക സ്രോതസ്സും വിശദീകരണവും

അദ്ധ്യായം 10- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി - മേൽനോട്ടവും വിലയിരുത്തലും

10.1. പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ

10.2. മേൽനോട്ടവും റിപ്പോർട്ടിംഗും

10.3. സ്വതന്ത്രമായ വിലയിരുത്തലിന് വേണ്ടിയുള്ള പദ്ധതി

അദ്ധ്യായം 11 -സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അനുബന്ധരേഖകൾ

1. **പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. **പത്രപ്പരസ്യം-ഫോം.നം.5- നോട്ടിഫിക്കേഷൻ**
4. **നോട്ടീസ്**
5. **പൊതു അഭിപ്രായ സ്വീകരണം-ഹാജർ**
6. **ഗസറ്റ് നോട്ടിഫിക്കേഷൻ**
7. **പദ്ധതി ബാധിതരുടെ പരാതികളും നിർദ്ദേശങ്ങളും**

കുന്നംകുളം ജംഗ്ഷൻ വികസനം
കുന്നംകുളം, പോർക്കുളം,ചൊവ്വന്നൂർ വില്ലേജുകൾ
കുന്നംകുളം താലൂക്ക്, തൃശ്ശൂർ ജില്ല

അദ്ധ്യായം 1
പദ്ധതിയും പൊതു ആവശ്യവും

1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

തൃശ്ശൂർ ജില്ലയിലെ പുരാതന വാണിജ്യ പട്ടണമാണ് കുന്നംകുളം. ഉദ്ദേശം മുന്നൂറ് വർഷത്തെ വാണിജ്യ ചരിത്രമുള്ള കുന്നംകുളം, അച്ചടി, നോട്ട്ബുക്ക് വ്യവസായത്തിൽ പ്രസിദ്ധമാണ്. കേരളത്തിലെ നോട്ട്ബുക്ക് വ്യവസായത്തിന്റെ 90% നിയന്ത്രിക്കുന്നതും കുന്നംകുളമാണ്. ക്ഷേത്ര നഗരമായ ഗുരുവായൂരിൽ നിന്നും കേവലം 8 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന കുന്നംകുളം പട്ടണം, ജില്ലാ ആസ്ഥാനത്ത് നിന്നും 23 കിലോമീറ്റർ ദൂരത്താണ്. ജില്ലയിലെ വടക്കാഞ്ചേരി, പട്ടാമ്പി, മലപ്പുറം ജില്ലയിലെ എടപ്പാൾ, കുറ്റിപ്പുറം എന്നീ പട്ടണങ്ങളോടുള്ള സാമീപ്യം, കുന്നംകുളത്തിനെ വലിയ വാണിജ്യ കേന്ദ്രമാക്കി വളർത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ബി. സി. ഒന്ന്, രണ്ട് നൂറ്റാണ്ടുകളിൽ തന്നെ റോമാ, ഗ്രീക്ക്, ശ്രീലങ്ക, ചൈന രാജ്യങ്ങളുമായി വാണിജ്യബന്ധം ഉണ്ടായിരുന്ന കേരളത്തിലെ പട്ടണങ്ങളിൽ ഒന്നാണ് കുന്നംകുളം എന്ന് ചരിത്ര തെളിവുകൾ ഉണ്ട്. കൊടുങ്ങല്ലൂർ തുറമുഖത്ത് നിന്നും ഉള്ള മലബാറിന്റെ വ്യാപാരത്തെ നിയന്ത്രിച്ചിരുന്നത് കുന്നംകുളം കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന വ്യാപാരികൾ ആയിരുന്നു. ശിലായുഗ ഗുഹകളായി അറിയപ്പെടുന്ന കക്കാട് ഗുഹ, ചൊവ്വന്നൂർ ഗുഹ എന്നിവ കുന്നംകുളത്തിന്റെ പ്രാചീന ചരിത്ര പ്രാധാന്യം സൂചിപ്പിക്കുന്നു. ചരിത്രം എന്തൊക്കെ ആയിരുന്നാലും, കുന്നംകുളം വലിയ വാണിജ്യപ്രാധാന്യം നേടിയ സ്ഥലമായി നൂറ്റാണ്ടുകൾക്ക് മുന്നേ അറിയപ്പെട്ടിരുന്നു. ആ വാണിജ്യ ചരിത്രം ഇന്നും കുന്നംകുളം നിലനിർത്തി വരുന്നു. വാണിജ്യ പണ്ടകശാലകളും, അതിനോട് ചേർന്നുള്ള താമസ്സ ഭവനങ്ങളും കുന്നംകുളത്തിന്റെ മാത്രം പ്രത്യേകതയാണ്. പഴയ കുന്നംകുളം പട്ടണത്തിന്റെ ഒരു കിലോമീറ്റർ ദൂരെ മാറി ദേശീയപാത കടന്നുപോകുന്ന സ്ഥലങ്ങളും, വലിയ വാണിജ്യ കേന്ദ്രങ്ങളായി മാറ്റപ്പെട്ടു. കുന്നംകുളം മുനിസിപ്പാലിറ്റി കേരളത്തിലെ ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളിൽ ഒന്നാണ്. പട്ടാമ്പി, വടക്കാഞ്ചേരി, ഗുരുവായൂർ, തൃശ്ശൂർ പട്ടണങ്ങളിൽ നിന്നും വരുന്ന റോഡുകൾ സംഗമിക്കുന്ന കുന്നംകുളം ജംഗ്ഷൻ വലിയ വികസന സാധ്യതയുള്ള സ്ഥലമാണ്. എന്നാൽ വാണിജ്യ സ്ഥാപനങ്ങളുടേയും, വാഹനങ്ങളുടേയും വളർച്ചയ്ക്ക് അനുസൃതമായി റോഡ്, ജംഗ്ഷൻ വികസനങ്ങൾ നടക്കാത്തത് വലിയ ഗതാഗതക്കുരുക്കിനും, വ്യാപാര മുരടിപ്പിനും കാരണമായി തീർന്നിരിക്കുന്നു. ഇത് കുന്നംകുളത്തിന്റെ പാരമ്പര്യ, തനതായ വാണിജ്യ സംസ്ക്കാരമായ അങ്ങാടിപ്പുര (പണ്ടകശാല - താമസ്സ) സംവിധാനത്തെ ഇല്ലാതാക്കാനും, അങ്ങനെ കുറഞ്ഞ വിലയ്ക്ക് ഉത്പന്നങ്ങൾ ലഭ്യമാക്കിയിരുന്ന കുന്നംകുളം വ്യാപാര സംസ്കാരം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ശരിയായ റോഡ് വികസനം ഈ പ്രതിഭാസത്തെ ഇല്ലായ്മചെയ്യുന്നതിനും കുന്നംകുളത്തിന്റെ വാണിജ്യ പ്രൗഢിയും, സംസ്ക്കാരവും, നിലനിർത്തുന്നതിനും സഹായകരമാണ്. അതുകൊണ്ട് തന്നെ

കുന്നംകുളം ജംഗ്ഷനിൽ വന്നുചേരുന്നതും, കടന്നു പോകുന്നതുമായ അഞ്ച് പ്രധാന റോഡുകൾ വികസിപ്പിക്കാൻ കുന്നംകുളം എം.എൽ.എ. യും മുൻ മന്ത്രിയുമായ ശ്രീ. എ.സി. മൊയ്തീന്റെ നേതൃത്വത്തിൽ, കുന്നംകുളം മുനിസിപ്പാലിറ്റി തിരുമാനിക്കുകയും, ഭരണാനുമതിക്ക് ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തു. ഗവൺമെന്റ് ഭരണാനുമതി ലഭ്യമാക്കിയതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി പദ്ധതി സമർപ്പിക്കുകയും, ആയതിന്റെ ഭാഗമായി 4(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും ഉണ്ടായി. 4 (1) വിജ്ഞാപനത്തിന്റെ ഭാഗമായി നടത്തിയ സാമൂഹ്യപ്രത്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ടാണ് ഇത്.

പദ്ധതി - കുന്നംകുളം ജംഗ്ഷൻ വികസനം

കുന്നംകുളം ജംഗ്ഷൻ വികസന പദ്ധതി പ്രധാനമായും അഞ്ച് റോഡുകളുടെ വികസന പദ്ധതിയാണ്. കുന്നംകുളം - തൃശ്ശൂർ, കുന്നംകുളം- പട്ടാമ്പി, കുന്നംകുളം - വടക്കാഞ്ചേരി, കുന്നംകുളം-ഗുരുവായൂർ എന്നി സംസ്ഥാനപാതകളും, കുന്നംകുളം ബസ്സ്റ്റാൻഡ് റോഡും ആണ് വികസിപ്പിക്കപ്പെടുന്ന റോഡുകൾ, ഈ റോഡുകളുടെ കുന്നംകുളം ജംഗ്ഷനോട് ചേർന്ന് ഉള്ള വാണിജ്യ പ്രധാന മേഖലകളുടെ വികസനം ആണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഉദ്ദേശം 0.81521 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കലോടെ പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്.

KUNNAMKULAM JUNCTION ROADS 4			
Name of Road	**Length**	**Row**	**Location**
KUTTIPURAM	1907 m	18.5 m	Junction – Victory Inn
THRISSUR	515 m	18.5 m	Junction – RH Cinemas
GURUVYOOR	606 m	18.5 m	Junction – Royal Hospital
WADAKKANCHERY	465 m	18.5 m	Junction – Senior Ground
NEW BUS STAND	150 m	10.0 m	Junction – New Bus stand

1.2. പദ്ധതി പ്രദേശം

കുന്നംകുളം ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്നതോ, ജംഗ്ഷനിൽ സംഗമിക്കുന്നതോ ആയ അഞ്ച് പൊതുമരാമത്ത് റോഡുകളുടെ പട്ടണത്തോട് ചേർന്ന വാണിജ്യ മേഖലയാണ് പദ്ധതി പ്രദേശം. കുന്നംകുളം അനേകം കൊല്ലത്തെ ചരിത്രമുള്ള വാണിജ്യ പ്രധാന പട്ടണമാണ്. നാല് പട്ടണങ്ങളെ നേരിട്ട് ബന്ധപ്പെട്ട് സ്ഥിതി ചെയ്യുന്ന കുന്നംകുളം പട്ടണം അങ്ങാടികൾകൊണ്ട് പ്രശസ്തമാണ്. പദ്ധതിയുടെ പ്രയോജനം ലഭ്യമാവുന്ന പ്രദേശം കുന്നംകുളം ജംഗ്ഷനിൽ നിന്നും ഉദ്ദേശം ഒന്നര കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശമാണ്. സാംസ്കാരിക തനിമ നിലനിർത്തുന്ന പദ്ധതി പ്രദേശം താമസ - വാണിജ്യ പ്രധാനമാണ്. ഭൂരിഭാഗം ആളുകളും കൃഷിയേക്കാൾ വാണിജ്യം മുഖ്യ ഉപജീവന മാർഗ്ഗമായി

സ്വീകരിച്ചിട്ടുള്ള പദ്ധതി പ്രദേശം ജില്ലാ ആസ്ഥാനത്ത് നിന്നും, കേവലം 18 കിലോമീറ്റർ അകലത്തിലാണ് സ്ഥിതിചെയ്യുന്നത്.



1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ എൽ.എ, കിഫ്ബി, തൃശ്ശൂർ ഓഫീസാണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക സ്കെച്ചുകൾ രൂപപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ആണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിപ്പിക്കുന്നത്.

(ബി). കെ.ആർ.എഫ്.ബി (കേരള റോഡ് ഫണ്ട് ബോർഡ്)

സംസ്ഥാനത്തെ യാത്രാ സൗകര്യ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി കേരള സർക്കാർ 2001 ൽ രൂപീകരിച്ച ഫണ്ടിങ്ങ് ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് കേരളത്തിന്റെ പൊതുവായ അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരള പി.ഡബ്ള്യു.ഡി യുടെ മൂലധന നിർവ്വഹണത്തിനായി തൊഴിൽപരവും നിയമാനുസൃതവുമായ ഒരു സംഘത്തിന്റെ ആവശ്യകതയാണ് കെ.ആർ.എഫ്.ബി യുടെ രൂപീകരണത്തിന് പിന്നിൽ ഉള്ളത്. ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത തുകയിൽ ശരിയായ പരിശോധന നടത്തി കണ്ടെത്തുകയും അവയെ സ്വരൂപിച്ച് റോഡിന്റെ വികസനത്തിനും സംരക്ഷണത്തിനും അതുമായി ബന്ധപ്പെട്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമായി വിനിയോഗിക്കുക എന്നതാണ് കെ,ആർ.എഫ്,ബി യുടെ പ്രധാന ചുമതല.

- സ്വകാര്യ പങ്കാളിത്ത സഹകരണത്തോടെ ബഡ്ജറ്റിൽ പരാമർശിക്കാത്ത തുക സംഭരിക്കുന്ന കെ.ആർ.എഫ്.ബി യുടെ വികസന പരിപാടികളിൽ ചിലതാണ്.
- റോഡ് വികസനത്തിനുള്ള തുക ശരിയായ വിധത്തിൽ തന്നെ ഉപയോഗിക്കപ്പെടുന്നു എന്നും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നു എന്നും പരിശോധിക്കുക,
- അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.
- നൂതന റോഡ് പദ്ധതികളുടെ സാധ്യതാ പഠനം നടത്തുക.
- ആവശ്യ സ്ഥലങ്ങളിൽ പുതിയ റോഡുകൾ നിർമ്മിക്കുക.
- റോഡ് സുരക്ഷ പദ്ധതികൾ നടപ്പാക്കുകയും സുരക്ഷിതവും സുഗമവുമായ വാഹന ഗതാഗതം നടപ്പാക്കുവാൻ സംഘടിത പ്രചാരണം നടത്തുകയും ചെയ്യുക.
- റോഡ് പരിപാലന വികസനവുമായി ബന്ധപ്പെട്ട പഠനങ്ങൾക്കുള്ള ധനസഹായം.
- പി.ഡബ്ല്യു.ഡി പരിപാലിക്കുന്ന റോഡുകളുടെ നവീകരണമടക്കം ഇപ്പോൾ നിലവിലുള്ള റോഡ് നെറ്റ് വർക്ക് സിസ്റ്റം വികസിപ്പിക്കുക.
- നടത്തിപ്പിനാവശ്യമുള്ള തുക കടം വാങ്ങി സ്വരൂപിക്കുക.

ശാസ്ത്രീയ പഠനത്തിലൂടെ കേരളത്തിലെ റോഡുകൾക്ക് ഫലവത്തായ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുവാൻ സഹായിക്കുന്ന ഒരു ഏജൻസിയാണ് തങ്ങളെന്ന് കെ.ആർ.എഫ്.ബി വിലയിരുത്തുന്നു. അതുപോലെ അപകട സാധ്യതാ സ്ഥലങ്ങളിൽ കൂടുതൽ ശക്തമായ മുൻകരുതലുകൾ എടുത്ത് വാഹനാപകടങ്ങളും അത്യാഹിതങ്ങളും കുറയ്ക്കുവാനും പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുവാനും വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു.

കേരളത്തിലെ ഗതാഗത വികസന പദ്ധതികളിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിലൂടെ സുരക്ഷയാർന്ന റോഡുകൾ എന്ന ലക്ഷ്യത്തിലെത്തുക എന്ന വീക്ഷണത്തിൽ ഗതാഗത സൗകര്യ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഫണ്ടിങ്ങ് ഏജൻസി എന്നുള്ള പ്രവർത്തനത്തോടൊപ്പം എല്ലാ യാത്രക്കാരേയും നല്ല യാത്രാ ശീലങ്ങൾ ആവർത്തിച്ച് പഠിപ്പിച്ച് റോഡിലെ സുരക്ഷിതത്വം കൂടുതൽ ഉയർത്തുവാൻ ശ്രമിക്കുകയും ചെയ്യും എന്ന ദൗത്യം നിർവഹിക്കുക എന്നതാണ് കെ.ആർ.എഫ്.ബി യുടെ മറ്റൊരു പ്രധാന ചുമതല.

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

അഞ്ച് പൊതുമരാമത്ത് റോഡുകൾ സംഗമിക്കുന്ന കുന്നംകുളം ജംഗ്ഷൻ. ജംഗ്ഷനിൽ നിന്നും എഴുനൂറ് മീറ്റർ മുതൽ ഒന്നേമുക്കാൽ കിലോമീറ്റർ വരെ ദൈർഘ്യമുള്ള മേൽപ്പറഞ്ഞ അഞ്ച് റോഡുകളുടെ ഇരുവശങ്ങൾ, ഉദ്ദേശം 0.81521 ഹെക്ടർ സ്വകാര്യ ഭൂമി വരുന്ന ഈ പ്രദേശമാണ് പദ്ധതി ഭൂമി. തികച്ചും വാണിജ്യ പ്രധാനമായ പദ്ധതി ഭൂമിയിൽ ചില ഇടങ്ങളിൽ താമസ ഭവനങ്ങളും ഉണ്ട്.

ഒരു കുരിശടി, വാണിജ്യ - സ്ഥാപനങ്ങളുടെ പാർക്കിംഗ് ഏരിയ, ഏതാനും വാണിജ്യ സ്ഥാപനങ്ങളുടെ മുൻഭാഗം, മുൻസിപ്പൽ ബസ്റ്റാന്റ് കെട്ടിടത്തിലെ ബങ്കുകൾ, നാല് ട്രാൻസ്ഫോർമറുകൾ, പതിനേഴ് ഇടറോഡുകൾ എന്നിവ എല്ലാം പദ്ധതി ഭൂമിയിൽ ഉണ്ട്. ജില്ലാ

ആസ്ഥാനത്ത് നിന്ന് 18 കിലോമീറ്ററും, തൃശ്ശൂർ, വടക്കാഞ്ചേരി, പട്ടാമ്പി, ഗുരുവായൂർ റെയിൽവേ സ്റ്റേഷനുകളിൽ നിന്ന് യഥാക്രമം 18 കി.മി., 21 കി.മി,. 21. കി.മി., 8 കി.മി. ദൂരത്തിൽ സ്ഥിതി ചെയ്യുന്ന പദ്ധതി പ്രദേശം, കൊച്ചി, കരിപ്പൂർ വിമാനത്താവളങ്ങളിൽ നിന്നും, തുല്യ ദൂരത്തിൽ ഉള്ള പ്രദേശമാണ്.

(ഡി). പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

പദ്ധതിബാധിതരിൽ മുന്നൂറ്റി പത്തൊമ്പത് പേർ ഭൂ ഉടമസ്ഥരും, നൂറ്റി എൺപത്തിരണ്ട് പേർ ഭൂ ഉടമസ്ഥരല്ലാത്ത പദ്ധതിബാധിതരുമാണ്. ഇത് കൂടാതെ ഒരു സാംസ്കാരിക ചമയവും, പദ്ധതിബാധിതമാണ്. മുന്നൂറ്റി പത്തൊമ്പത് ഭൂ ഉടമസ്ഥരിൽ നാൽപ്പത്തിയാറ് പേർ സ്ത്രീകളും, ഇരുപത്തിയാറ് എണ്ണം കൂട്ടുടമസ്ഥതയിലോ, സാമുദായികപരമോ, മതപരമോ ആണ്. പദ്ധതിബാധിതരായ ഭൂ ഉടമസ്ഥരുടെ വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് കേവലം ആറ് പേർ മാത്രമാണ് പത്താംതരത്തിൽ താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളത്. നാൽപ്പത്തിരണ്ട് പേർ ബിരുദധാരികളും, ഇരുപത്തൊന്ന് പേർ ബിരുദധാനന്തര ബിരുദം ഉള്ളവരുമാണ്. കൂടാതെ പതിനേഴ് പേർ സാങ്കേതിക വിദ്യാഭ്യാസ യോഗ്യത ഉള്ളവരും, ആറ് പേർ പ്രൊഫഷണൽ ഡിഗ്രി ഉള്ളവരും ആണ്. ജോലി വിതരണം സൂചിപ്പിക്കുന്നത്. നൂറ്റിഎഴുപത്തെട്ട് പേരും വാണിജ്യ-വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നവരും, കേവലം ഇരുപത്തൊൻപത് പേർ മാത്രം സ്വകാര്യ മേഖലയിൽ ജോലിചെയ്യുന്നവരും ആണ്. ആറ് പേർ സ്വന്തമായി പ്രാക്ടീസ് നടത്തുന്ന പ്രൊഫഷണലുകൾ ആണ്.

മതപരമായ വിതരണം സൂചിപ്പിക്കുന്നത് ഇരുനൂറ്റിനാല് പേരും ക്രിസ്ത്യൻ മത വിശ്വാസികളും നാൽപ്പത് പേർ ഹിന്ദുമതസ്ഥരും ശേഷിക്കുന്നവർ ഇസ്ലാം മത വിശ്വാസികളും ആണ്. സാമ്പത്തിക വിതരണം സൂചിപ്പിക്കുന്നത് ഒരാൾ ഒഴിച്ച് ആരും ദാരിദ്രരേഖയ്ക്ക് താഴെ ഉള്ളവർ അല്ല എന്നാണ്. 86% പേർക്കും 20,000/- രൂപയ്ക്ക് മുകളിൽ മാസവരുമാനം ഉള്ളവരാണ്.

ഭൂ ഉടമസ്ഥരല്ലാത്ത പദ്ധതിബാധിതരിൽ 97% പേരും, വാണിജ്യസ്ഥാപനങ്ങൾ നടത്തുന്നവരും, അവരിൽ 11% പുറംമ്പോക്ക് കച്ചവടം നടത്തുന്നവരുമാണ്. ഇവരുടെ സാമ്പത്തിക നിലവാര വിവരണം സൂചിപ്പിക്കുന്നത്, എല്ലാവരും ദാരിദ്രരേഖയ്ക്ക് മുകളിൽ ഉള്ളവർ ആണ് എന്നാണ്. വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് എല്ലാവരും സാക്ഷരരും, 66% പേരും പത്താംതരം വിദ്യാഭ്യാസയോഗ്യത ഉള്ളവരുമാണ്. 14% പേർ ഡിഗ്രിയോ, അതിൽ കൂടുതലോ വിദ്യാഭ്യാസം ഉള്ളവരും, ശേഷിക്കന്നവരുമാണ്. മതപരമായ വിതരണം സൂചിപ്പിക്കുന്നത് അറുപത്തി ആറ് പേർ ക്രിസ്ത്യൻ മത വിശ്വാസികളും, നാൽപ്പത്തി ഒന്ന് പേർ ഹിന്ദുമത വിശ്വാസികളും ശേഷിക്കുന്നവരിൽ മുസ്ലീം മതസ്ഥരുമാണ്.

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

കുന്നംകുളം പട്ടണ വികസന പദ്ധതി ആയതുകൊണ്ട് തന്നെ പദ്ധതിക്ക് ബദൽ നിർദ്ദേശങ്ങൾ പ്രായോഗികമല്ല.

1.5. സാമൂഹിക പ്രത്യാഘാതം

ഒരു ആരാധനാലയത്തിന്റെ കുരിശടി പൂർണ്ണമായും, ഒരു പ്രാർത്ഥനാലയത്തിന്റെ മുൻഭാഗം, ഒരു ആരാധനാലയത്തിന്റെ ചുറ്റുമതിൽ, ഇരുപത്തിയാറ് വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിടത്തിന്റെ മുൻഭാഗം, നാല് താമസ്സ ഭവനങ്ങളുടെ മുൻഭാഗം, നൂറ്റി നാൽപ്പത് വ്യാപാര സ്ഥാപനങ്ങളുടെ പാർക്കിംഗ് ഏരിയ, എൺപത് ഭൂ ഉടമസ്ഥരുടെ ഭൂമി എന്നിവ ഭാഗികമായും നഷ്ടപ്പെടുന്നു എന്നുള്ളതാണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതം.

പൂർണ്ണമായും നഷ്ടപ്പെടുന്ന കുരിശടി ഒഴിച്ച് ഭൂമിയോ, കെട്ടിടമോ പൂർണ്ണമായും കുടി ഒഴിപ്പിക്കപ്പെടുന്ന ഭൂഉടമസ്ഥർ ഇല്ല എന്നത് പ്രത്യാഘാതത്തിൽ എടുത്തു പറയേണ്ടതാണ്. എന്നാൽ ബാധിക്കപ്പെടുന്ന വ്യാപാര, താമസ്സ കെട്ടിടങ്ങളിൽ 90% വർഷങ്ങൾ പഴക്കമുള്ളതും, അതുകൊണ്ട് തന്നെ സംരക്ഷിച്ച് നിലനിർത്താൻ പ്രയാസം ഉള്ളതുമാണ്. ഇപ്രകാരം കെട്ടിടങ്ങൾ വിട്ടു നൽകുമ്പോഴും, മുനിസിപ്പാലിറ്റി കെട്ടിടങ്ങൾ പൊളിച്ച് പണിയുമ്പോഴും, അനേകം വ്യാപാര സ്ഥാപനങ്ങൾ ബാധിക്കപ്പെടാനും, മാറ്റി സ്ഥാപിക്കേണ്ട സാഹചര്യം ഉണ്ടാവാനും സാധ്യതയുണ്ട്. പദ്ധതി വ്യാപാര സ്ഥാപനങ്ങളുടെ പാർക്കിംഗ് ഏരിയയും ഹൈവേ സെറ്റ്ബാക്ക് സ്ഥലങ്ങളും നഷ്ടപ്പെടുത്തുന്നതു കൊണ്ട് തന്നെ പല സ്ഥാപനങ്ങളും ഭാവിയിൽ പുനർ നിർമ്മാണം പോലുള്ള കാര്യങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാവും. വാഹന പാർക്കിംഗ് ഇല്ലാതാകുന്നതോടെ ഉണ്ടാവുന്ന വ്യാപാര നഷ്ടവും കണക്കാക്കേണ്ടതാണ്. എന്നാൽ റോഡ് വികസനം കൊണ്ടുവരുന്ന അധിക സാധ്യതയായ, വർദ്ധിത ഗതാഗതം വ്യാപാര വർദ്ധനവിന് സഹായകരമാണ്.

കുന്നംകുളം പട്ടണം അയൽ ജില്ലകളിലെ വ്യാപാര സ്ഥാപനങ്ങളിലേക്കും, സംസ്ഥാനത്ത് മൊത്തമായും, ഉത്പന്നങ്ങൾ നൽകുന്ന ഒരു വലിയ വ്യാപാര ശൃംഖലയുടെ കേന്ദ്രമാണ്. അതുകൊണ്ട് തന്നെ ഗതാഗത സൗകര്യ വികസനം ഈ വ്യാപാരത്തെ പരിപോഷിപ്പിക്കാൻ സഹായകരമാണ്. ഉദ്ദേശം പതിനേഴ് ഇട റോഡുകൾ, വികസിപ്പിക്കുന്ന റോഡുകളിൽ നിന്ന് ആരംഭിക്കുകയോ, വന്നുചേരുകയോ ചെയ്യുന്നുണ്ട്. ഇട റോഡുകളിലേക്കുള്ള സുഗമമായ ഗതാഗതം പദ്ധതിയുടെ നേട്ടമായി മാറേണ്ടതുണ്ട്. പാലക്കാട് - പട്ടാമ്പി - ഗുരുവായൂർ റോഡ് സംസ്ഥാനത്തെ തന്നെ ഏറ്റവും തിരക്കേറിയ സംസ്ഥാന പാതയാണ്. പദ്ധതി ഈ റോഡിന്റെ, കുന്നംകുളം പട്ടണത്തിലെ വികസനം ഉറപ്പ് വരുത്തുന്നു. ആയത് ഇപ്പോഴത്തെ വൺവേ സംവിധാനം ഇല്ലാതാക്കാൻ സഹായിച്ചാൽ കൂടുതൽ വാഹനങ്ങളെ പട്ടണത്തിലേക്ക് ആകർഷിക്കും.

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

ക്രമ നം.	ഉണ്ടാകാവുന്ന നഷ്ടം	സമീപനം	സാധ്യമായ ലഘൂകരണ നടപടികൾ
1.	താമസ ഭവനങ്ങളുടെ നഷ്ടം	നഷ്ടപരിഹാരം പുനരധിവാസം	നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക.

2.	താമസ ഭവനങ്ങളുടെ ഭാഗിക നഷ്ടം	നഷ്ടപരിഹാരം, പുനസ്ഥാപനം	നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക.
3.	ഭൂമിയുടെ ഭാഗിക നഷ്ടം	നഷ്ടപരിഹാരം	നഷ്ട പരിഹാരം നൽകുക
4.	കെട്ടിടങ്ങളുടെ നഷ്ടം	നഷ്ടപരിഹാരം	നഷ്ട പരിഹാരം നൽകുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക.
5.	കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം	നഷ്ടപരിഹാരം പുനസ്ഥാപനം	നഷ്ട പരിഹാരം നൽകുക ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക.കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക.
6.	ചമയങ്ങളുടെ നഷ്ടം	നഷ്ട പരിഹാരം	നഷ്ട പരിഹാരം നൽകുക
7.	ചമയങ്ങളുടെ ഭാഗിക നഷ്ടം	നഷ്ട പരിഹാരം	നഷ്ട പരിഹാരം നൽകുക
8.	വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം	നിയന്ത്രണം/ പുനർനിർമ്മാണം	ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക.
9	ഇടറോഡിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം	നിയന്ത്രണം	ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക.
10.	റോഡ് ഭവനവുമായി വളരെ ചേർന്ന് പോകുന്നു.	സുരക്ഷിതത്തം പുനർവാസം	ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക
11.	ഉപയോഗശൂന്യമായ തുണ്ടുഭൂമികളുടെ രൂപപ്പെടൽ	നിയന്ത്രണം	ഉപയോഗശൂന്യമായ തുണ്ടുഭൂമികൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുക.
12.	ജലവിതരണ പൈപ്പുകളുടെ നഷ്ടം	പുനസ്ഥാപനം	പുനസ്ഥാപനം
13.	മരങ്ങളുടെ നഷ്ടം	നഷ്ട പരിഹാരവും നിയന്ത്രണവും	മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക.
14.	പൊതു ഉപയോഗ വസ്തുക്കളുടെ നഷ്ടം	പുനസ്ഥാപനം	പുനസ്ഥാപനം

15.	പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക.	നിയന്ത്രണം	നടപടി ക്രമങ്ങളിൽ പദ്ധതി ബാധിത രുടെ പങ്കാളിത്തം ഉറപ്പു വരുത്തുക.
16.	പരാതി പരിഹാരം	നിയന്ത്രണം	പ്രവർത്തന നിരതമായ പരാതി പരി ഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചാ യത്ത് തലത്തിലും പ്രവർത്തിക്കുക.

1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

ക്രമ നം.	ഉണ്ടാകാ വുന്ന നഷ്ടം	പോസി റ്റീവ്/ നെഗ റ്റീവ്	സാധ്യതാ നില വാരം	പ്രത്യാ ഘാത തീവ്രത	പ്രത്യാ ഘാതം - ലഘൂ കരണ ത്തിന് മുമ്പ്	പ്രത്യാ ഘാതം - ലഘൂ കരണ ത്തിന് ശേഷം	സാധ്യമായ ലഘൂകരണ നടപടികൾ
1.	താമസ ഭവ നങ്ങളുടെ നഷ്ടം	നെഗ റ്റീവ്	സാധ്യ മാണ്	മധ്യമം	മധ്യമം	കുറ ഞ്ഞ	നഷ്ട പരി ഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കു കയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെ ങ്കിൽ ഇളവ് നൽകുക.
2	താമസ ഭവ നങ്ങളുടെ ഭാഗിക നഷ്ടം	നെഗ റ്റീവ്	സാധ്യ മാണ്	മധ്യമം	മധ്യമം	കുറ ഞ്ഞ	നഷ്ട പരി ഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കു കയും ചെയ്യുക. കെട്ടിട നിർമ്മാണ

							നിയമങ്ങളിൽ ആവശ്യമെ ങ്കിൽ ഇളവ് നൽകുക.
3	ഭൂമിയുടെ ഭാഗിക നഷ്ടം	നെഗ റ്റീവ്	സാധ്യ മാണ്	മധ്യമം	മധ്യമം	കുറ ഞ്ഞ	നഷ്ട പരി ഹാരം നൽകുക
4	കെട്ടിടങ്ങ ളുടെ നഷ്ടം	നെഗ റ്റീവ്	സാധ്യ മാണ്	മധ്യമം	വളരെ ഉയർന്ന	കുറ ഞ്ഞ	നഷ്ട പരി ഹാരം നൽകുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെ ങ്കിൽ ഇളവ് നൽകുക.
5	കെട്ടിടങ്ങ ളുടെ ഭാഗിക നഷ്ടം	നെഗ റ്റീവ്	സാധ്യ മാണ്	മധ്യമം	വളരെ ഉയർന്ന	കുറ ഞ്ഞ	നഷ്ട പരി ഹാരം നൽകുക ഓരോ പദ്ധതി ബാധിത രെയും പ്രത്യേ കമായി പരിഗ ണിക്കുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെ ങ്കിൽ ഇളവ് നൽകുക.
6	ചമയങ്ങ ളുടെ നഷ്ടം	നെഗ റ്റീവ്	സാധ്യ മാണ്	കുറഞ്ഞ	കുറഞ്ഞ	കുറ ഞ്ഞ	നഷ്ട പരി ഹാരം നൽകുക
7	ചമയങ്ങ ളുടെ ഭാഗിക നഷ്ടം	നെഗ റ്റീവ്	സാധ്യ മാണ്	കുറഞ്ഞ	കുറഞ്ഞ	കുറ ഞ്ഞ	നഷ്ട പരി ഹാരം നൽകുക
8	വീടുകളി ലേക്കും ഭൂമിയിലേ ക്കുള്ള പ്രവേശന മാർഗ്ഗങ്ങ ളുടെ നഷ്ടം	നെഗ റ്റീവ്	സാധ്യ മാണ്	വളരെ ഉയർന്ന	മധ്യമം	കുറ ഞ്ഞ	ഓരോ പ്രവേ ശനമാർഗ്ഗങ്ങ ളെക്കുറിച്ചും പഠനം നടത്തി പുനരധി വാസ- പുനർവാസ രൂപരേഖയിൽ

							ഉൾപ്പെടുത്തുക.
9	ഇടറോഡിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം	നെഗറ്റീവ്	സാധ്യമാണ്	വളരെ ഉയർന്ന	മധ്യമം	കുറഞ്ഞ	ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക.
10	റോഡ് ഭവനവുമായി വളരെ ചേർന്ന് പോകുന്നു.	നെഗറ്റീവ്	സാധ്യമാണ്	കുറഞ്ഞ	ലഘുവായ	കുറഞ്ഞ	ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക
11.	ഉപയോഗശൂന്യമായ തുണ്ടുഭൂമികളുടെ രൂപപ്പെടൽ	നെഗറ്റീവ്	സാധ്യമാണ്	മധ്യമം	മധ്യമം	കുറഞ്ഞ	ഉപയോഗശൂന്യമായ തുണ്ടുഭൂമികൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുക.
12.	ജലവിതരണ പൈപ്പുകളുടെനഷ്ടം	നെഗറ്റീവ്	സാധ്യമാണ്	കുറഞ്ഞ	ലഘുവായ	കുറഞ്ഞ	പുനസ്ഥാപനം
13.	മരങ്ങളുടെ നഷ്ടം	നെഗറ്റീവ്	സാധ്യമാണ്	കുറഞ്ഞ	ലഘുവായ	കുറഞ്ഞ	മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക.

14.	പൊതു ഉപ യോഗ വസ്തുക്കളുടെ നഷ്ടം	നെഗറ്റീവ്	സാധ്യമാണ്	കുറഞ്ഞ	ലഘുവായ	കുറഞ്ഞ	പുനസ്ഥാപനം
15.	പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക.	പോസിറ്റീവ്	സാധ്യമാണ്	കുറഞ്ഞ	ലഘുവായ	മധ്യമം	നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക.
16.	പരാതി പരിഹാരം	നെഗറ്റീവ്	സാധ്യമാണ്	വളരെ ഉയർന്ന	മധ്യമം	മധ്യമം	പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക.

1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

ഒരു ആരാധനാലയത്തിന്റെ കുരിശടി ഒഴിച്ച് യാതൊന്നും തന്നെ കുടിയൊഴിപ്പിക്കപ്പെടുന്നില്ല എന്നത് പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരം എന്ന് നിർവ്വചിക്കുന്നതിന് കാരണമാണ്. ബാധിക്കപ്പെടുന്ന വ്യാപാര സ്ഥാപനങ്ങൾ പലതും വർഷങ്ങളുടെ പഴക്കമുള്ളതും ഗതാഗത കുരുക്കിൽ വീർപ്പുമുട്ടുന്നതുമാണ്. അതുകൊണ്ടുതന്നെ പദ്ധതിയെ പദ്ധതിബാധിതർ സ്വാഗതം ചെയ്യുന്നു. എന്നാൽ ബാധിക്കപ്പെടുന്ന ചില കെട്ടിടങ്ങൾ എങ്കിലും പൂർണ്ണമായും പൊളിച്ചുമാറ്റി, പുതിയത് നിർമ്മിക്കുന്നതിന് കെട്ടിടം ഉടമസ്ഥർ തയ്യാറാകുന്നതും, പല സ്ഥാപനങ്ങളുടെയും, വളരെ സമീപത്തേക്ക് റോഡ് എത്തുന്നതും, എഴുപതോളം വ്യാപാര സ്ഥാപനങ്ങളെ കുടിയൊഴിപ്പിക്കപ്പെടുവാനുള്ള സാധ്യത സൃഷ്ടിക്കുന്നു. കൂടാതെ മുനിസിപ്പാലിറ്റി, തങ്ങളുടെ പഴയകെട്ടിടങ്ങൾ പുനർ നിർമ്മിക്കാൻ തയ്യാറായാൽ കുടിയൊഴിപ്പിക്കൽ സാധ്യത വീണ്ടു വർദ്ധിക്കും. ഇപ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന വാടകക്കാരായ വ്യാപാര സ്ഥാപനങ്ങൾക്ക് മുനിസിപ്പാലിറ്റി പുതുതായി നിർമ്മിക്കുന്ന വ്യാപാര സമുച്ചയങ്ങളിൽ മുൻഗണന നൽകുന്നതും, കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ നൽകി കെട്ടിട പുനർ നിർമ്മാണത്തിന് അനുവാദം നൽകുന്നതും പ്രത്യാഘാത ലഘൂകരണ നടപടിയാണ്. കുടിയൊഴിപ്പിക്കപ്പെടുന്ന വീടുകൾ പഠനത്തിൽ ശ്രദ്ധയിൽ കടന്നു വന്നിട്ടില്ല. എന്നാൽ ബാധിക്കപ്പെടുന്ന താമസ്സ ഭവനങ്ങൾ പുനർ നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ, ബാധിക്കപ്പെടുന്ന താമസ്സ ഭവന ഉടമസ്ഥർ പ്രതീക്ഷിക്കുന്നു.

ഉദ്ദേശം പതിനേഴ് ഇട റോഡുകൾ, വികസിപ്പിക്കുന്ന റോഡുകളിൽ നിന്ന് ആരംഭിക്കുകയോ, വന്നുചേരുകയോ ചെയ്യുന്നുണ്ട്. ഇട റോഡുകളിലേക്കുള്ള സുഗമമായ ഗതാഗതം ഉറപ്പ് വരുത്തേണ്ടതുണ്ട്. ബെൽ മൗത്തുകൾ രൂപപ്പെടുത്തി ഗതാഗതം സുഗമമാക്കുന്നത് പ്രത്യാഘാത ലഘൂകരണത്തെ സഹായിക്കും.

കുന്നംകുളം പട്ടണം പൂർണ്ണമായും ബാധിക്കുന്ന റോഡ് വികസനം ആണ് പദ്ധതി വിഭാവനം ചെയ്യുന്നത്. അതുകൊണ്ട് തന്നെ സമയ ബന്ധിത പൂർത്തീകരണം, ചുരുങ്ങിയ സമയം കൊണ്ടുള്ള പദ്ധതി നിർവ്വഹണം വ്യാപാര - വാണിജ്യ സൗകര്യങ്ങൾ വളരെ കുറഞ്ഞ അളവിൽ ബാധിക്കുന്ന രീതിയിൽ ഉള്ള പദ്ധതി നടപ്പാക്കൽ, വ്യാപാരികളുടെ സംഘടനകളുമായി ചർച്ചകളും, അവരുടെ നിർദ്ദേശങ്ങളും സ്വീകരിച്ചുള്ള പദ്ധതി പുരോഗതി ഇവ അത്യാവശ്യമാണ്. ഇവ പ്രത്യാഘാത ലഘൂകരിക്കാൻ അത്യാവശ്യമാണ്.

പദ്ധതിബാധിതർ ന്യായമായ നഷ്ടപരിഹാരം, അവരുടെ ഭൂമിയുടെയും, ചമയങ്ങളുടെയും നഷ്ടത്തിന് ആവശ്യപ്പെടുന്നു. മുൻകാലങ്ങളിൽ റോഡ് വികസനത്തിന് വേണ്ടി ഭൂമി വിട്ടുനൽകിയിട്ടുള്ള ഭൂ ഉടമസ്ഥർ ആണ് പലരും. അതുകെണ്ട് തന്നെ കൈയ്യേറ്റങ്ങൾ വളരെ കുറവായിരിക്കാം എന്ന് പദ്ധതിബാധിതർ അവകാശപ്പെടുന്നു.

വ്യാപാരികൾക്ക് വ്യാപാര നഷ്ടം ഉണ്ടാവൻ സാധ്യത ഉണ്ട്, അതുകൊണ്ട് തന്നെ പദ്ധതി നിർവ്വഹണ സമയത്തെ വ്യാപാര നഷ്ടം നഷ്ടപരിഹാരമായി നൽകേണ്ടത് പ്രത്യാഘാത ലഘൂകരണത്തിന് സഹായകരമാണ്.

കുന്നംകുളം സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട വ്യാപാര കേന്ദ്രമാണ്. കേരളം മുഴുവൻ വ്യാപിച്ചു കിടക്കുന്ന പല റീടെയിൽ വ്യാപാരങ്ങളുടെയും മൊത്ത വിതരണം , കുന്നംകുളം കേന്ദ്രീകരിച്ചാണ്. അതുകൊണ്ട് തന്നെ പദ്ധതി നിർവ്വഹണം, വ്യാപാര തടസ്സങ്ങൾ സൃഷ്ടിക്കാതെയോ എത്രയും സമയ ലഘൂകൃത രൂപത്തിലോ ആസൂത്രണം ചെയ്യുന്നത് പ്രത്യാഘാത ലഘൂകരണത്തിന് ആവശ്യമാണ്.

മേൽ സൂചിപ്പിച്ചതുപോലെ വ്യാപാര സ്ഥാപനങ്ങളുടെ കുടിയൊഴിപ്പിക്കൽ സംബന്ധമായ കൃത്യമായ നിഗമനം ഈ ഘട്ടത്തിൽ സാധ്യമല്ലാത്തതിനാൽ, ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന ഘട്ടത്തിൽ മാത്രമേ പൂർണ്ണമായും കുടിയൊഴിപ്പിക്കപ്പെടുന്ന കടകളിലെ തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുവാൻ സാധ്യമാവുകയൊള്ളു. വ്യാപാരി - വ്യവസായി സംഘടനകളുടെയും മുനിസിപ്പാലിറ്റി രേഖകളുടെയും അടിസ്ഥാനത്തിൽ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെ ലിസ്റ്റ് തയ്യാറാക്കി നഷ്ടപരിഹാരം നൽകേണ്ടതാണ്.

പദ്ധതി സംബന്ധമായി പദ്ധതി ബാധിതരുമായുള്ള സംവാദം, ജനപ്രതിനിധിയുടെ നേതൃത്വം, തദ്ദേശ സ്വയംഭരണ നേതൃത്വത്തിന്റെ പങ്കാളിത്തം എന്നിവയിൽ, പദ്ധതി സംസ്ഥാനത്തിന് തന്നെ മാതൃകയാണ്. ഈ സുതാര്യത, പദ്ധതിയിലുള്ള ജനപങ്കാളിത്തം വർദ്ധിപ്പിച്ച ഘടകമാണ്. ആയത് തുടർന്നും ഉണ്ടാവേണ്ടത് ജനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്ന നടപടിയാണ്.

ബാധിക്കപ്പെടുന്ന കെട്ടിടം നിലനിർത്താൻ സഹായിക്കണമെന്നും, പൂർണ്ണമായും ഏറ്റെടുക്കണം എന്നും ഉള്ള നിർദ്ദേശങ്ങൾ പല പദ്ധതിബാധിത കെട്ടിട ഉടമസ്ഥരിൽ നിന്നും ഉണ്ടാവുന്നുണ്ട്. ഇപ്രകാരമുള്ള കെട്ടിട ഉടമസ്ഥരെ തങ്ങളുടെ നിർദ്ദേശങ്ങളുടെ സാധ്യതകളും, പ്രത്യാഘാതങ്ങളും ബോധ്യപ്പെടുത്തുന്നത് അവരുടെ തീരുമാനമെടുക്കൽ പ്രക്രിയയെ കൂടുതൽ സാങ്കേതിക മികവുള്ളതാക്കുകയും പ്രത്യാഘാത ലഘൂകരണം സാധ്യമാക്കുകയും ചെയ്യും. ഏറ്റെടുത്തതിന് ശേഷം കെട്ടിട നിർമ്മാണം സാധ്യമാവാത്തവിധം ഏതാനും, ഭൂമികൾ അവശേഷിക്കുന്നുണ്ട്. അതിൽ ഒരു താമസ്സ സ്ഥലവും ഉൾപ്പെടുന്നു. ഇപ്രകാരമുള്ള ഓരോ ഭൂ ഉടമസ്ഥരുടെയും പ്രശ്നങ്ങൾ പരിശോധിച്ച് കെട്ടിട നിർമ്മാണ ഇളവുകൾ ആവശ്യമെങ്കിൽ നൽകുന്നത്, കുടിയൊഴിപ്പിക്കൽ ഒഴിവാക്കുകയും പ്രത്യാഘാത ലഘൂകരണം സാധ്യമാക്കുകയും ചെയ്യും.

മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം, തുടർന്ന് സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടുകളിലൂടെ ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ്, എന്നാണ്.

അദ്ധ്യായം 2
പദ്ധതി വിശദീകരണം

2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

തൃശ്ശൂർ ജില്ലയിലെ പുരാതന വാണിജ്യ പട്ടണമാണ് കുന്നംകുളം. ഉദ്ദേശം മുന്നൂറ് വർഷത്തെ വാണിജ്യ ചരിത്രമുള്ള കുന്നംകുളം, അച്ചടി, നോട്ട്ബുക്ക് വ്യവസായത്തിൽ പ്രസിദ്ധമാണ്. കേരളത്തിലെ നോട്ട്ബുക്ക് വ്യവസായത്തിന്റെ 90% നിയന്ത്രിക്കുന്നതും കുന്നംകുളമാണ്. ക്ഷേത്ര നഗരമായ ഗുരുവായൂരിൽ നിന്നും കേവലം 8 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന കുന്നംകുളം പട്ടണം, ജില്ലാ ആസ്ഥാനത്ത് നിന്നും 23 കിലോമീറ്റർ ദൂരത്താണ്. ജില്ലയിലെ വടക്കാഞ്ചേരി, പട്ടാമ്പി, മലപ്പുറം ജില്ലയിലെ എടപ്പാൾ, കുറ്റിപ്പുറം എന്നീ പട്ടണങ്ങളോടുള്ള സാമീപ്യം, കുന്നംകുളത്തിനെ വലിയ വാണിജ്യ കേന്ദ്രമാക്കി വളർത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ബി. സി. ഒന്ന്, രണ്ട് നൂറ്റാണ്ടുകളിൽ തന്നെ റോമാ, ഗ്രീക്ക്, ശ്രീലക, ചൈന രാജ്യങ്ങളുമായി വാണിജ്യബന്ധം ഉണ്ടായിരുന്ന കേരളത്തിലെ പട്ടണങ്ങളിൽ ഒന്നാണ് കുന്നംകുളം എന്ന് ചരിത്ര തെളിവുകൾ ഉണ്ട്. കൊടുങ്ങല്ലൂർ തുറമുഖത്ത് നിന്നും ഉള്ള മലബാറിന്റെ വ്യാപാരത്തെ നിയന്ത്രിച്ചിരുന്നത് കുന്നംകുളം കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന വ്യാപാരികൾ ആയിരുന്നു. ശിലായുഗ ഗുഹകളായി അറിയപ്പെടുന്ന കക്കാട് ഗുഹ, ചൊവ്വന്നൂർ ഗുഹ എന്നിവ കുന്നംകുളത്തിന്റെ പ്രാചീന ചരിത്ര പ്രാധാന്യം സൂചിപ്പിക്കുന്നു. ചരിത്രം എന്തൊക്കെ ആയിരുന്നാലും, കുന്നംകുളം വലിയ വാണിജ്യപ്രാധാന്യം നേടിയ സ്ഥലമായി നൂറ്റാണ്ടുകൾക്ക് മുന്നേ അറിയപ്പെട്ടിരുന്നു. ആ വാണിജ്യ ചരിത്രം ഇന്നും കുന്നംകുളം നിലനിർത്തി വരുന്നു. വാണിജ്യ പണ്ടകശാലകളും, അതിനോട് ചേർന്നുള്ള താമസ്സ ഭവനങ്ങളും കുന്നംകുളത്തിന്റെ മാത്രം പ്രത്യേകതയാണ്. പഴയ കുന്നംകുളം പട്ടണത്തിന്റെ ഒരു കിലോമീറ്റർ ദൂരെ മാറി ദേശീയപാത കടന്നുപോകുന്ന സ്ഥലങ്ങളും, വലിയ വാണിജ്യ കേന്ദ്രങ്ങളായി മാറ്റപ്പെട്ടു. കുന്നംകുളം മുനിസിപ്പാലിറ്റി കേരളത്തിലെ ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളിൽ ഒന്നാണ്. പട്ടാമ്പി, വടക്കാഞ്ചേരി, ഗുരുവായൂർ, തൃശ്ശൂർ പട്ടണങ്ങളിൽ നിന്നും വരുന്ന റോഡുകൾ സംഗമിക്കുന്ന കുന്നംകുളം ജംഗ്ഷൻ വലിയ വികസന സാധ്യതയുള്ള സ്ഥലമാണ്. എന്നാൽ വാണിജ്യ സ്ഥാപനങ്ങളുടേയും, വാഹനങ്ങളുടേയും വളർച്ചയ്ക്ക് അനുസൃതമായി റോഡ്, ജംഗ്ഷൻ വികസനങ്ങൾ നടക്കാത്തത് വലിയ ഗതാഗതക്കുരുക്കിനും, വ്യാപാര മുരടിപ്പിനും കാരണമായി തീർന്നിരിക്കുന്നു. ഇത് കുന്നംകുളത്തിന്റെ പാരമ്പര്യ, തനതായ വാണിജ്യ സംസ്ക്കാരമായ അങ്ങാടിപ്പുര (പണ്ടകശാല - താമസ്സ) സംവിധാനത്തെ ഇല്ലാതാക്കാനും, അങ്ങനെ കുറഞ്ഞ വിലയ്ക്ക് ഉത്പന്നങ്ങൾ ലഭ്യമാക്കിയിരുന്ന കുന്നംകുളം വ്യാപാര സംസ്കാരം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ശരിയായ റോഡ് വികസനം ഈ പ്രതിഭാസത്തെ ഇല്ലായ്മചെയ്യുന്നതിനും കുന്നംകുളത്തിന്റെ വാണിജ്യ പ്രൗഢിയും, സംസ്ക്കാരവും, നിലനിർത്തുന്നതിനും സഹായകരമാണ്. അതുകൊണ്ട് തന്നെ കുന്നംകുളം ജംഗ്ഷനിൽ വന്നുചേരുന്നതും, കടന്നു പോകുന്നതുമായ അഞ്ച് പ്രധാന റോഡുകൾ വികസിപ്പിക്കാൻ കുന്നംകുളം എം.എൽ.എ. യും മുൻ മന്ത്രിയുമായ ശ്രീ. എ.സി. മൊയ്തീന്റെ നേതൃത്വത്തിൽ, കുന്നംകുളം മുനിസിപ്പാലിറ്റി തിരുമാനിക്കുകയും,

ഭരണാനുമതിക്ക് ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തു. ഗവൺമെന്റ് ഭരണാനുമതി ലഭ്യമാക്കിയതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി പദ്ധതി സമർപ്പിക്കുകയും, ആയതിന്റെ ഭാഗമായി 4(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും ഉണ്ടായി. 4 (1) വിജ്ഞാപനത്തിന്റെ ഭാഗമായി നടത്തിയ സാമൂഹ്യപ്രത്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ടാണ് ഇത്.

2.1.1. -റിക്വസിഷൻ അധികാരി

കെ.ആർ.എഫ്.ബി (കേരള റോഡ് ഫണ്ട് ബോർഡ്)

സംസ്ഥാനത്തെ യാത്രാ സൗകര്യ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി കേരള സർക്കാർ 2001 ൽ രൂപീകരിച്ച ഫണ്ടിങ്ങ് ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് കേരളത്തിന്റെ പൊതുവായ അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരള പി.ഡബ്ള്യു.ഡി യുടെ മൂലധന നിർവ്വഹണത്തിനായി തൊഴിൽപരവും നിയമാനുസൃതവുമായ ഒരു സംഘത്തിന്റെ ആവശ്യകതയാണ് കെ.ആർ.എഫ്.ബി യുടെ രൂപീകരണത്തിന് പിന്നിൽ ഉള്ളത്. ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത തുകയിൽ ശരിയായ പരിശോധന നടത്തി കണ്ടെത്തുകയും അവയെ സ്വരൂപിച്ച് റോഡിന്റെ വികസനത്തിനും സംരക്ഷണത്തിനും അതുമായി ബന്ധപ്പെട്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമായി വിനിയോഗിക്കുക എന്നതാണ് കെ,ആർ.എഫ്,ബി യുടെ പ്രധാന ചുമതല.

- സ്വകാര്യ പങ്കാളിത്ത സഹകരണത്തോടെ ബഡ്ജറ്റിൽ പരാമർശിക്കാത്ത തുക സംഭരിക്കുന്ന കെ.ആർ.എഫ്.ബി യുടെ വികസന പരിപാടികളിൽ ചിലതാണ്.
- റോഡ് വികസനത്തിനുള്ള തുക ശരിയായ വിധത്തിൽ തന്നെ ഉപയോഗിക്കപ്പെടുന്നു എന്നും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നു എന്നും പരിശോധിക്കുക,

- അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.
- നൂതന റോഡ് പദ്ധതികളുടെ സാധ്യതാ പഠനം നടത്തുക.
- ആവശ്യ സ്ഥലങ്ങളിൽ പുതിയ റോഡുകൾ നിർമ്മിക്കുക.
- റോഡ് സുരക്ഷ പദ്ധതികൾ നടപ്പാക്കുകയും സുരക്ഷിതവും സുഗമവുമായ വാഹന ഗതാഗതം നടപ്പാക്കുവാൻ സംഘടിത പ്രചാരണം നടത്തുകയും ചെയ്യുക.
- റോഡ് പരിപാലന വികസനവുമായി ബന്ധപ്പെട്ട പഠനങ്ങൾക്കുള്ള ധനസഹായം.
- പി.ഡബ്ല്യു.ഡി പരിപാലിക്കുന്ന റോഡുകളുടെ നവീകരണമടക്കം ഇപ്പോൾ നിലവിലുള്ള റോഡ് നെറ്റ് വർക്ക് സിസ്റ്റം വികസിപ്പിക്കുക.
- നടത്തിപ്പിനാവശ്യമുള്ള തുക കടം വാങ്ങി സ്വരൂപിക്കുക.

ശാസ്ത്രീയ പഠനത്തിലൂടെ കേരളത്തിലെ റോഡുകൾക്ക് ഫലവത്തായ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുവാൻ സഹായിക്കുന്ന ഒരു ഏജൻസിയാണ് തങ്ങളെന്ന് കെ.ആർ.എഫ്.ബി. വിലയിരുത്തുന്നു. അതുപോലെ അപകട സാധ്യതാ സ്ഥലങ്ങളിൽ കൂടുതൽ ശക്തമായ മുൻകരുതലുകൾ എടുത്ത് വാഹനാപകടങ്ങളും അത്യാഹിതങ്ങളും കുറയ്ക്കുവാനും പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുവാനും വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു.

കേരളത്തിലെ ഗതാഗത വികസന പദ്ധതികളിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിലൂടെ സുരക്ഷയാർന്ന റോഡുകൾ എന്ന ലക്ഷ്യത്തിലെത്തുക എന്ന വീക്ഷണത്തിൽ ഗതാഗത സൗകര്യ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഫണ്ടിങ്ങ് ഏജൻസി എന്നുള്ള പ്രവർത്തനത്തോടൊപ്പം എല്ലാ യാത്രക്കാരേയും നല്ല യാത്രാ ശീലങ്ങൾ ആവർത്തിച്ച് പഠിപ്പിച്ച് റോഡിലെ സുരക്ഷിതത്വം കൂടുതൽ ഉയർത്തുവാൻ ശ്രമിക്കുകയും ചെയ്യും എന്ന ദൗത്യം നിർവഹിക്കുക എന്നതാണ് കെ.ആർ.എഫ്.ബി യുടെ മറ്റൊരു പ്രധാന ചുമതല.

2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണ വിഭാഗം

സ്പെഷ്യൽ തഹസിൽദാർ എൽ.എ, കിഫ്ബി, തൃശ്ശൂർ ഓഫീസാണ് പദ്ധതി സംബന്ധമായ ഭൂരേഖകൾ തയ്യാറാക്കിയതും ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ആരംഭിച്ചതും. ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക സ്കെച്ചുകൾ രൂപപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ആണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിപ്പിക്കുന്നത്.

2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

കുന്നംകുളം ജംഗ്ഷൻ വികസന പദ്ധതി പ്രധാനമായും അഞ്ച് റോഡുകളുടെ വികസന പദ്ധതിയാണ്. കുന്നംകുളം - തൃശ്ശൂർ, കുന്നംകുളം- പട്ടാമ്പി, കുന്നംകുളം - വടക്കാഞ്ചേരി, കുന്നംകുളം-ഗുരുവായൂർ എന്നി സംസ്ഥാനപാതകളും, കുന്നംകുളം ബസ്റ്റാൻഡ് റോഡും ആണ്. വികസിപ്പിക്കപ്പെടുന്ന റോഡുകൾ, അടിസ്ഥാന സൗകര്യ വികസനത്തിലൂടെ കൂടുതൽ വാഹനങ്ങളെ കുന്നംകുളം പട്ടണത്തിലേക്ക് ആകർഷിക്കുന്നതിനും, അതിലൂടെ വ്യാപാര വികസനവും ആണ് പദ്ധതി ലക്ഷ്യം.. ഈ റോഡുകളുടെ കുന്നംകുളം

ജംഗ്ഷനോട് ചേർന്ന് ഉള്ള വാണിജ്യ പ്രധാന മേഖലകളുടെ വികസനം ആണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഉദ്ദേശം 0.81521 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കലോടെ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ

ക്രമ നം.	ഉണ്ടാകാവുന്ന നഷ്ടം	എണ്ണം
1.	താമസ ഭവനങ്ങളുടെ ഭാഗിക നഷ്ടം	4
2.	ഭൂമിയുടെ ഭാഗിക നഷ്ടം	485
3.	ചമയങ്ങളുടെ പൂർണ്ണ നഷ്ടം	102
4.	ചമയങ്ങളുടെ ഭാഗിക നഷ്ടം	255
5.	വാണിജ്യ കെട്ടിങ്ങളുടെ നഷ്ടം	17
6	വാണിജ്യ കെട്ടിങ്ങളുടെ ഭാഗിക നഷ്ടം	169
.7.	ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം	21
8.	ഇടറോഡിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം	11
9.	മരങ്ങളുടെ നഷ്ടം	9
10.	സാംസ്കാരിക / സാമുദായിക/ പൊതുസ്വത്തുക്കളുടെ നഷ്ടം	11
11.	പുറമ്പോക്ക് വാണിജ്യം പൂർണ്ണം	3

2.3.1. പദ്ധതി പ്രദേശം

കുന്നംകുളം ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്നതോ, ജംഗ്ഷനിൽ സംഗമിക്കുന്നതോ ആയ അഞ്ച് പൊതുമരാമത്ത് റോഡുകളുടെ പട്ടണത്തോട് ചേർന്ന വാണിജ്യ മേഖലയാണ് പദ്ധതി പ്രദേശം. കുന്നംകുളം അനേകം കൊല്ലത്തെ ചരിത്രമുള്ള വാണിജ്യ പ്രധാന പട്ടണമാണ്. നാല് പട്ടണങ്ങളെ നേരിട്ട് ബന്ധപ്പെട്ട് സ്ഥിതി ചെയ്യുന്ന കുന്നംകുളം പട്ടണം അങ്ങാടികൾകൊണ്ട് പ്രശസ്തമാണ്. പദ്ധതിയുടെ പ്രയോജനം ലഭ്യമാവുന്ന പ്രദേശം കുന്നംകുളം ജംഗ്ഷനിൽ നിന്നും ഉദ്ദേശം ഒന്നര കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശമാണ്. സാംസ്കാരിക തനിമ നിലനിർത്തുന്ന പദ്ധതി പ്രദേശം താമസ - വാണിജ്യ പ്രധാനമാണ്. ഭൂരിഭാഗം ആളുകളും കൃഷിയേക്കാൾ വാണിജ്യം മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള പദ്ധതി പ്രദേശം ജില്ലാ ആസ്ഥാനത്ത് നിന്നും, കേവലം 18 കിലോമീറ്റർ അകലത്തിലാണ് സ്ഥിതിചെയ്യുന്നത്.

2.4. പദ്ധതിനിർവ്വഹണ ഘട്ടം

പദ്ധതി സംബന്ധമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയും ഭൂമിയുടെ രൂപ രേഖ തയ്യാറാക്കുകയും അതിർത്തികല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ



Kunnamkualm Municipality Road development (Junction)

6

Existing details :

K shaped 4 arm junction

carriageway width of existing road varies from 12 to 15 m

Proposed details :

Length of Road = 3.643 km

Proposed ROW = 18.50 m

Proposed pavement width = 2 x 7.00 m

Footpath cum drain = 2.00 m (Drain + Duct)

FS amount = 89.83 cr



2.6. പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതി നടപ്പാക്കൽ സമയത്ത് ഗതാഗതം നിലച്ചു പോകാതെ ഇടറോഡുകൾ ബന്ധിപ്പിച്ച് താൽക്കാലിക ഗതാഗത സൗകര്യം ഒരുക്കണം എന്ന് പദ്ധതി ബാധിതർ ആവശ്യപ്പെടുന്നു.

2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

ബാധകമല്ല

2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

ബാധകമല്ല

2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

ക്രമ നം.	നിയമവും നയങ്ങളും	ബാധിക്കുന്ന മേഖല
1.	ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും	പ്രത്യാഘാത ലഘൂകരണം
2.	ഭൂമി ഏറ്റെടുക്കൽ നിയമം 1893 ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990) ഭൂമി ഏറ്റെടുക്കൽ നിയമം 1961 ഭൂമി ഏറ്റെടുക്കൽ നിയമം ചട്ടങ്ങൾ ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം	ഭൂമി ഏറ്റെടുക്കൽ പുനരധിവാസവും പുനസ്ഥാപനവും

അദ്ധ്യായം 3
സാമൂഹിക പ്രത്യാഘാത പഠനം - സമീപനവും രീതി ശാസ്ത്രവും

3.1. പശ്ചാത്തലം

ഡി.സി.റ്റി.സി.ആർ/81/2023/ഇ1 തീയതി 11, ഡിസംബർ 2024, നോട്ടിഫിക്കേഷൻ, കേരള ഗസറ്റ് വിജ്ഞാപനം നമ്പർ 3952 തീയതി 11, ഡിസംബർ 2024 പ്രകാരവും, തിരുത്തൽ വിജ്ഞാപനം ഡി.സി.റ്റി.സി.ആർ/81/2023 തീയതി 27, ജനുവരി 2025, നോട്ടിഫിക്കേഷൻ, കേരള ഗസറ്റ് വിജ്ഞാപനം നമ്പർ 273 തീയതി 27, ജനുവരി 2025 പ്രകാരവും, കേരള സർക്കാർ കേരളാ വോളന്ററി ഹെൽത്ത് സർവ്വീസിനെ തൃശ്ശൂർ ജില്ലയിലെ കുന്നംകുളം താലൂക്കിൽ കുന്നംകുളം, പോർക്കുളം, ചൊവ്വന്നൂർ വില്ലേജുകളിൽപ്പെട്ട ഭൂമി ആതായത് കുന്നംകുളം ജംഗഷൻ വികസന പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റ് ആയി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

ക്രമ നം.	പേര്, മേൽവിലാസം	ടീമിലെ സ്ഥാനം	പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും
1.	സാജു. വി.ഇട്ടി	റ്റീം ലീഡർ	32 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം.
2.	രാകേഷ് ആർ. നായർ	പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ സാമൂഹിക വിവരശേഖകൻ	15 വർഷത്തെ പ്രവർത്തന പരിചയം
3.	സ്മിത ആർ	പുനരധിവാസ പുനസ്ഥാപന വിദഗ്ദ, സാമൂഹിക വിവരശേഖക	22 വർഷത്തെ പ്രവർത്തന പരിചയം
4.	ഷീബ ജോൺസൻ	ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം	30 വർഷത്തെ പ്രവർത്തി പരിചയം
5.	എം.ഇബ്രാഹിം കുട്ടി	സാമൂഹിക ശാസ്ത്രജ്ഞൻ	Rtd. ജോയിന്റ് ഡയറക്ടർ സോഷ്യൽ വെൽഫെയർ ബോർഡ് 35 വർഷത്തെ പ്രവർത്തി പരിചയം

6.	എൻ.വിജയകുമാര പിള്ള	ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ	Rtd. റവന്യു ഇൻസ്പെക്ടർ
7.	ഒ.സി.ചാണ്ടി	ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ	Rtd. വില്ലേജ് ഓഫീസർ
8.	റ്റിജോ മോൻ	അനൗദ്യോഗിക സാമൂഹ്യ ശാസ്ത്രജ്ഞൻ	2 വർഷത്തെ പ്രവർത്തി പരിചയം

3.3. പഠന സമീപനം

ആകെ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത് 0.81521 ഹെക്ടർ ഭൂമിയാണ്. പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതന്റെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് സാമൂഹിക - സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി പ്രദേശത്ത് പദ്ധതി സംബന്ധമായി താൽപ്പര്യമുള്ളവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. പദ്ധതി ബാധിതന് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശവും സമീപ സ്ഥലങ്ങളും സന്ദർശിക്കുകയും ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു. ഭൂരിഭാഗം പദ്ധതി ഭൂമിയുടെ ഉടമസ്ഥനെയും പദ്ധതി ബാധിതരെയും നേരിൽ കണ്ട് വിവര ശേഖരണം നടത്തുകയുണ്ടായി.

3.4. പദ്ധതിയുടെ രീതി ശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

പദ്ധതി സംബന്ധമായി ലഭ്യമായ എല്ലാ രേഖകളും വിവിധ ഓഫീസുകളിൽ നിന്നും ശേഖരിക്കുകയും പദ്ധതി പ്രദേശങ്ങളിൽ നിരന്തരം സന്ദർശിക്കുകയും വിവിധ വ്യക്തികളുമായി കൂടിയാലോചനകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ബാധിതരെ കണ്ടെത്തുകയും അവരുമായി നേർക്കുനേർ സംസാരിച്ച് മുൻ തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരശേഖരണം നടത്തുകയും ഉണ്ടായി. ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും പദ്ധതി ബാധിതരുമായി കൂടിയാലോചനകൾ നടത്തി സാമൂഹിക പ്രത്യാഘാതത്തിന്റെ വ്യാപ്തിയും തോതും വിവിധ ഗവേഷണ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി വിശകലനം ചെയ്യുകയാണ് ഉണ്ടായത്. മേൽപ്പറഞ്ഞ വിവരശേഖരണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ കരട് റിപ്പോർട്ട് തയ്യാറാക്കുകയും അതിന് ശേഷം പൊതു അഭിപ്രായ സ്വീകരണ യോഗം നടത്തുകയും ആയതിലെ ആളുകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും ഉൾക്കൊള്ളിച്ചുകൊണ്ട് അന്തിമ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

3.5. വിവര ശേഖരണ കേന്ദ്രങ്ങൾ

1. സ്പെഷ്യൽ തഹസിൽദാർ എൽ.എ, യൂണിറ്റ് 3, കിഫ്ബി, മലപ്പുറം
2. കുന്നംകുളം മുനിസിപ്പാലിറ്റി
3. കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി)
4. കുന്നംകുളം, പോർക്കുളം, ചൊവ്വന്നൂർ വില്ലേജ് ഓഫീസുകൾ
5. പദ്ധതി ബാധിതരായ കുടുംബങ്ങളും ഭൂഉടമകളും
6. ജന പ്രതിനിധികൾ

3.6. നടപടികളും സമയക്രമങ്ങളും

11/12/24-സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

13/12/2024 -21/12/2024 - സെക്കന്ററി വിവര ശേഖരണം

22/12/2024 -23/12/2024 - പദ്ധതി പങ്കാളികളെ / താൽപ്പര്യമുള്ളവരെ കണ്ടെത്തൽ

24/12/2024 - 02/01/2024 -സാമൂഹിക സർവ്വേ

02/01/25 -04/01/2025 -'ട്രാൻസിറ്റ് വോക്ക്, ഒബ്സർവേഷണൽ സ്റ്റഡി, വ്യക്തിഗത പഠനങ്ങൾ

07/01/2025 - കരട് റിപ്പോർട്ട്

25/01/2025 - പൊതുഅഭിപ്രായ സ്വീകരണം

27/01/2025 - അന്തിമ റിപ്പോർട്ട്

27/01/2025 - തിരുത്തൽ വിജ്ഞാപനം

29/01/2025 -04/02/2025 - തിരുത്തൽ വിജ്ഞാപനപ്രകാരം വിവരശേഖരണം

10/02/2025 - അന്തിമ റിപ്പോർട്ട് (തിരുത്തൽ വിജ്ഞാപന പ്രകാരം)

3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയ ബന്ധിതമായ പദ്ധതി പൂർത്തീകരണം പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.
2. പല പദ്ധതി ബാധിതരുടെയും പ്രവേശനമാർഗ്ഗങ്ങൾ പദ്ധതി മൂലം തടസ്സപ്പെടുന്നുണ്ട്. ആയത് പുനസ്ഥാപിക്കപ്പെടണം.
3. ന്യായമായ നഷ്ട പരിഹാരം ലഭ്യമായാൽ പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകുവാൻ പദ്ധതി ബാധിതർ തയ്യാറാണ്.
4. ഭൂമി ഏറ്റെടുക്കൽ സംബന്ധമായി കൃത്യമായി വിവരങ്ങൾ നൽകുകയും പദ്ധതി ബാധിതരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും വേണം.
5. ഭൂമിയുടെ വാണിജ്യ പ്രാധാന്യം കണക്കാക്കിവേണം നഷ്ടപരിഹാരം നിശ്ചയിക്കാൻ.
6. പദ്ധതി ബാധിതർക്ക് ബാധിക്കപ്പെടുന്ന കെട്ടിടങ്ങൾ നിലനിർത്തുന്നതിനും പുതിയവ നിർവഹിക്കുന്നതിനും ആവശ്യമായ ഇളവുകൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അനുവദിച്ചു നൽകുകയും അനുഭാവ പൂർണ്ണമായ മറ്റു നടപടികൾ അധികാരികളുടെ ഭാഗത്ത് നിന്നും ഉണ്ടാകുകയും ചെയ്യണം.

7. ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന തുണ്ടുഭൂമികൾ സർക്കാർ ഏറ്റെടുക്കുകയോ ആവശ്യമായ ഇളവുകൾ നൽകി പദ്ധതി ബാധിതർക്ക് അവ ഉപയോഗിക്കാൻ പര്യാപ്തമാക്കി നൽകുകയോ ചെയ്യണം.
8. പദ്ധതി സംബന്ധമായ എല്ലാ സാങ്കേതിക വിവരങ്ങളും പദ്ധതി നടപ്പാക്കലിനു മുമ്പ് തന്നെ പദ്ധതി ബാധിതരെ അറിയിക്കുകയും പരാതി പരിഹാര നടപടികൾ സ്വീകരിക്കുകയും വേണം.
9. പുനരധിവാസ- പുനർവാസ നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരെ പങ്കെടുപ്പിക്കുകയും അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും പുരോഗതി സബന്ധമായി കൃത്യമായ വിവരങ്ങൾ നൽകുകയും വേണം.

3.8. പൊതു അഭിപ്രായ സ്വീകരണ യോഗം - 25/01/2025, കുന്നംകുളം രാജീവ്ഗാന്ധി മെമ്മോറിയൽ മുനിസിപ്പൽ ടൗൺ ഹാൾ, സമയം രാവിലെ 10 മണി

പൊതു അഭിപ്രായ സ്വീകരണ സംബന്ധമായ അറിയിപ്പ് പ്രധാന ദിനപത്രങ്ങളായ ജനയുഗം, കേരള കൗമുദി എന്നിവയിൽ പ്രസിദ്ധീകരിക്കുകയും, പദ്ധതി ബാധിതരുടെ മേൽവിലാസത്തിൽ പൊതു അഭിപ്രായ സ്വീകരണ യോഗം സംബന്ധമായ കത്ത് നൽകുകയും, വിശദമായ സന്ദേശം പദ്ധതി ബാധിതന്റെ ഫോണുകളിൽ നൽകുകയും, പദ്ധതി ബാധിതരെ ഫോണിൽ ബന്ധപ്പെടുകയും ഉണ്ടായി. ഇത് കൂടാതെ യോഗം സംബന്ധമായ അറിയിപ്പ് വില്ലേജ് ഓഫീസ്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കുകയും, ഫോൺ വഴി അറിയിക്കുകയും ചെയ്തു. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ കരട്, നിയമം നിർദ്ദേശിക്കുന്ന എല്ലാ ഓഫീസുകളിലും പൊതുജനങ്ങളുടെ പരിശോധനയ്ക്ക് സഹായകരമായ വിധം പ്രസിദ്ധീകരിക്കുകയും യോഗ ദിവസം റിപ്പോർട്ടിന്റെ പകർപ്പുകൾ ആവശ്യമായ രീതിയിൽ വിതരണം ചെയ്യുകയും ചെയ്തു. യോഗത്തിൽ ജനപ്രതിനിധികൾ, സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി, നടപ്പാക്കൽ ഏജൻസി എന്നിവിടങ്ങളിൽ അവരുടെ സാന്നിധ്യം ഉറപ്പാക്കുന്ന വിധം അറിയിപ്പുകൾ നൽകുകയും ഉണ്ടായി.

25/01/2025, കുന്നംകുളം രാജീവ്ഗാന്ധി മെമ്മോറിയൽ മുനിസിപ്പൽ ടൗൺ ഹാളിൽ വച്ച്, നടന്ന പൊതു അഭിപ്രായ സ്വീകരണത്തിൽ (ഫോറം- 5, റൂൾ 14 (1), ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013) പദ്ധതി ബാധിതർ ഉന്നയിച്ച പ്രധാന കാര്യങ്ങൾ

ശ്രീ. എ.സി. മൊയ്തീൻ, ബഹു. എം.എൽ.എ കുന്നംകുളം, ശ്രീമതി. സീത രവീന്ദ്രൻ , ചെയർപേഴ്സൺ, കുന്നംകുളം മുനിസിപ്പാലിറ്റി, ശ്രീമതി. ഷർമിള, ഡപ്യൂട്ടി തഹസിൽദാർ, എൽ.എ. കിഫ്ബി, ശ്രീ. ലതീഷ് കെ.ജി. റെവന്യു ഇൻസ്പെക്ടർ, എൽ.എ. കിഫ്ബി, ശ്രീ.സജിത്ത്, അസിസ്റ്റന്റ്, എക്സിക്യൂട്ടീവ് എൻഞ്ചിനീയർ. കെ.ആർ.എഫ്.ബി., ശ്രീമതി. മൈഥിലി ഐ.എസ്. അസിസ്റ്റന്റ് എൻഞ്ചിനീയർ. കെ.ആർ.എഫ്.ബി., ശ്രീ. ജിനു ഉണ്ണികൃഷ്ണൻ, പ്രൊജക്ട് എൻഞ്ചിനീയർ, കെ.ആർ.എഫ്.ബി., ശ്രീമതി. മിനി മോൻസി, കൗൺസിലർ, കുന്നംകുളം മുനിസിപ്പാലിറ്റി, ശ്രീ. ബിജു സി. ബേബി, കൗൺസിലർ, കുന്നംകുളം മുനിസിപ്പാലിറ്റി, ശ്രീമതി. ബീന രവി, കൗൺസിലർ, കുന്നംകുളം മുനിസിപ്പാലിറ്റി, ശ്രീ. ലെബീസ് ഹസ്സൻ, കൗൺസിലർ, കുന്നംകുളം മുനിസിപ്പാലിറ്റി, ശ്രീ.

സോമശേഖരൻ, കൗൺസിലർ, കുന്നംകുളം മുനിസിപ്പാലിറ്റി എന്നിവരും പദ്ധതിബാധിതരായ ഭൂഉടമസ്ഥരും പ്രദേശവാസികളും പങ്കെടുത്തു.

ക്രമ നം.	അഭിപ്രായങ്ങൾ	വിശദീകരണം
1	**ശ്രീ.കെ. പി. അബ്ദു, കുന്നംകുളം ചേംബർ ഓഫ് കൊമേഴ്സ്** ഞങ്ങൾ വികസനത്തെ അനുകൂലിക്കുന്നവരാണ്. എന്നാൽ വികസനം വരുമ്പോൾ അതിന്റെ നേട്ടങ്ങൾ അനുഭവിക്കാൻ തക്കവണ്ണം, വ്യാപാരികളെ സഹായിക്കുകയും, സംരക്ഷിക്കുകയും വേണം. ഇപ്പോഴത്തെ പദ്ധതി 18 1/2 മീറ്റർ വീതിയിൽ ആണോ ? ഞങ്ങൾ കൂട്ടായി പദ്ധതി പ്രദേശം പരിശോധിച്ചു. 30 സെന്റി മീറ്റർ, 50 സെന്റി മീറ്റർ, ഒക്കെയാണ് ഇപ്പോഴത്തെ റോഡ് 18 1/2 മീറ്ററായി വികസിപ്പിക്കുന്നതിനുള്ള കുറവ്. ഈ വളരെ ചെറിയ അളവിന് വേണ്ടി കെട്ടിടങ്ങൾ പൊളിക്കണോ? സർക്കാർ ആലോചിക്കണം. കൂടാതെ വാടകക്കാരെ ഒഴിപ്പിക്കാൻ കെട്ടിടം മൊത്തം വിട്ടുകൊടുക്കാൻ ചില ഉടമസ്ഥർ തയ്യാറാവും. അത് അനേകം കടകൾ ഒഴിപ്പിക്കപ്പെടാൻ കാരണമാവും. ഇതിലും കടക്കാർക്ക് സഹായകരമായ ഒരു ഇടപെടൽ നടത്തണം. പഠനത്തിൽ ചൂണ്ടിക്കാണിച്ച കടകളുടെ എണ്ണം ശരിയാണ്. പട്ടാമ്പി റോഡിൽ തന്നെ ഞങ്ങൾ അറുപത് കടകൾ കണ്ടെത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ അനേകം കടകൾ ഉണ്ട്. ഈ കെട്ടിടങ്ങൾ പൊളിച്ചാൽ അവരും കുടി ഒഴിപ്പിക്കപ്പെടും. സർക്കാരും, മുനിസിപ്പാലിറ്റിയും ഒന്നിച്ചുകൂടി കടക്കാരെ മുഴുവൻ പേരെയും പുനരധിവസിപ്പിക്കണം. കൂടാതെ കെട്ടിട ഉടമയ്ക്ക് സമയ ബന്ധിതമായി നഷ്ടപരിഹാരം	**ശ്രീ. എ.സി. മൊയ്തീൻ, ബഹു. എം.എൽ.എ.** കുന്നംകുളം പട്ടണത്തിന്റെ സമഗ്ര വികസനമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. അഞ്ച് പ്രധാന റോഡുകൾ, ജംഗ്ഷനിൽ 21 മീറ്ററും, ശേഷം ഭാഗങ്ങളിൽ 18 1/2 മീറ്ററും വീതിയിൽ വികസിപ്പിക്കുന്ന പദ്ധതി, ബാധിക്കപ്പെടുന്ന ആളുകളും, വ്യാപാര സംഘടനകളുമായി പലവട്ടം ചർച്ച ചെയ്ത് രൂപപ്പെടുത്തിയതാണ്. കേരളാ റോഡ് ഫണ്ട് ബോർഡ് 24 മീറ്റർ ആണ് നിർദ്ദേശിച്ചത്. എന്നാൽ വ്യാപാരികളെ സംരക്ഷിക്കുന്നതിനാണ് ഗവൺമെന്റിൽ നിന്നും പ്രത്യേക ഇളവ് വാങ്ങി 18 1/2 മീറ്റർ ആക്കി ചുരുക്കിയത്. എന്നാൽ ഇപ്പോഴും ഏതാനും കടകൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ട്. അത് നമ്മുടെ വരും തലമുറയ്ക്ക് വേണ്ടിയുള്ള നമ്മുടെ ത്യാഗമായി കണക്കാക്കണം. കൂടാതെ വാഹനങ്ങൾ കുന്നംകുളം ഒഴിവാക്കി യാത്ര ചെയ്താൽ നമ്മുടെ വ്യാപാര നേട്ടങ്ങൾ ഇല്ലാതാകും. അതും ഉണ്ടാവരുത്. ആയതിന് റോഡ് വികസനം അത്യാവശ്യമാണ്. ആയതിനാൽ എല്ലാവരും സഹകരിച്ച് ഈ പദ്ധതി നടപ്പാക്കണം. എന്തെങ്കിലും പ്രത്യേക ബുദ്ധിമുട്ടുകൾ നിർമ്മാണ ഘട്ടത്തിൽ ഉണ്ടായാൽ, നമുക്ക് ഉദ്യോഗസ്ഥരുമായി കൂട്ടായി ചർച്ച ചെയ്ത് അവ ഒക്കെയും പരിഹരിക്കാൻ സാധിക്കണം. പഠനത്തിന്റെ ഭാഗമായി വന്നിട്ടുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടു വരും. യോഗത്തിൽ പരാമർശിച്ച എല്ലാ പരാതികളും, നിർദ്ദേശങ്ങളും പരിശോധിക്കും. സാധ്യമായ നടപടികൾ എടുത്ത് പരിഹാരങ്ങൾ ഉണ്ടാക്കാം. ഉപയോഗശൂന്യമാവുന്ന തുണ്ട് ഭൂമികളും കൂടി ഗവൺമെന്റിന്റെ അനുവാദത്തോടെ ഏറ്റെടുക്കാം. എന്നാൽ ഒരു കസേര ഇടാനുള്ള ഇടം

<table>
<tr><td></td><td>നൽകിയാൽ മാത്രമേ ഉടമക്ക് കെട്ടിടം പുനർ നിർമ്മിച്ച്, വാടകക്കാരെ സഹായിക്കാൻ കഴിയൂ. ബഹുമാനപ്പെട്ട എം.എൽ. എ. ഞങ്ങളെ കേൾക്കാനും, അഭിപ്രായം രേഖപ്പെടുത്താനും എന്നും അവസരങ്ങൾ നൽകിയിട്ടുണ്ട്. തുടർന്നും ഞങ്ങളുടെ നിർദ്ദേശങ്ങൾ പരിഗണിച്ച്, ആവശ്യമായ സഹായങ്ങൾ നൽകണം.

മുനിസിപ്പൽ കെട്ടിടം പൊളിച്ചാൽ പുതിയ കെട്ടിടം എത്രയും വേഗം പണിത്, വ്യാപാരികൾക്ക് നൽകണം. റൗണ്ട് എബൗട്ട് ന്റെ ചുറ്റളവ് കുറയ്ക്കണം. വലിയ റൗണ്ട് എബൗട്ട് കൾ ഉള്ള ജംഗ്ഷനുകളിൽ ട്രാഫിക് ജാം കൂടുകയാണ്. കുന്നംകുളം വികസനത്തിൽ ഇക്കാര്യം പരിശോധിക്കണം.</td><td rowspan="4">വ്യാപാരത്തിന് അവശേഷിപ്പിക്കണം എന്ന് ആവശ്യപ്പെടുന്ന വ്യാപാരികളും ഉണ്ട്. എല്ലാവരും അവരവരുടെ ജീവിതോപാധികൾ നിലനിർത്തുന്നതിനാണ് ആവശ്യങ്ങൾ ഉന്നയിക്കുന്നത്. അവയെല്ലാം അവരുടെകൂടെ സഹകരണത്തോടെ പരിശോധിച്ച് പരിഹാരം ഉണ്ടാക്കും. സെറ്റ്ബാക്കിൽ ഉണ്ടാവുന്ന കുറവ്, പുതിയ കെട്ടിടം നിർമ്മിക്കാൻ ഹൈവേ നിയമത്തിൽ ഇളവ്, കെട്ടിടം പൂർണ്ണമായി ഏറ്റെടുക്കണമോ?, ഭാഗികമായി നിലനിർത്തണമോ?, ഇടറോഡുകളിലേക്ക് ഉള്ള സുഗമമായ പ്രവേശനം, ഇവയെല്ലാം ഉദ്യോഗസ്ഥർ പരിശോധിക്കട്ടെ. മുനിസിപ്പാലിറ്റിയുടെയും, ജനപ്രതിനിധികളുടെയും എല്ലാം കൂട്ടായ ഇടപെടലുകളിലൂടെ പദ്ധതിക്ക് ദോഷകരമല്ലാത്തരീതിയിൽ പരിഹാരങ്ങൾ ഉണ്ടാക്കാം. പദ്ധതിക്ക് നടപ്പാക്കൽ ഷെഡ്യൂൾ വേണം എന്നതിനോട് യോജിക്കുന്നു. ഭൂമി ഏറ്റെടുക്കലിന്റെ നിയമ പരമായ നടപടിക്രമങ്ങളുടെ താമസ്സം മാത്രമേയുള്ളൂ. നിർമ്മാണം വ്യാപാര സ്ഥാപനങ്ങൾക്കും, താമസ്സക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാവാത്തവിധം എങ്ങനെ നടപ്പാക്കാം എന്ന് ആലോചിക്കും. പദ്ധതിബാധിതരുമായി നിരന്തര കൂടിയാലോചനകൾ ഉണ്ടാവും. ചെറിയ സദസ്സുകളിൽ ഇക്കാര്യങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ നമുക്ക് കൂട്ടായി ശ്രമിക്കണം. മുനിസിപ്പൽ കെട്ടിടം കാലപ്പഴക്കം കൊണ്ട് അപകടവസ്ഥയിലാണ്. ആ കെട്ടിടം സംബന്ധമായി തീരുമാനങ്ങൾ മുനിസിപ്പൽ കൗൺസിലുമായി കൂടി ആലോചിച്ചാണ് എടുക്കേണ്ടത്. അതിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ പുനരധിവാസം സംബന്ധമായി മുനിസിപ്പൽ കൗൺസിൽ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിക്കും. എല്ലാ പദ്ധതിബാധിതരും മുൻകാലങ്ങളിൽ റോഡിന് വേണ്ടി ഭൂമി വിട്ടു നൽകുയിട്ടുള്ളവരാണ്. അവരുടെ</td></tr>
<tr><td>2</td><td>ശ്രീ. റ്റി. എൽ. ഔസേപ്പ്, റ്റി. എൽ. ലിൻസൺ
വികസനത്തിന് അനുകൂലമാണ്. കെട്ടിടം ബാധിക്കുന്നതിലും, പ്രശ്നമില്ല. പുതിയ കെട്ടിടം പണിയുമ്പോൾ, സെറ്റ്ബാക്ക് കുറവാണ് പണിയാൻ അനുവാദം നൽകില്ല എന്ന് മുനിസിപ്പാലിറ്റിയൊ, പൊതുമരാമത്ത് വകുപ്പൊ പറയരുത്.</td></tr>
<tr><td>3</td><td>ശ്രീ. ജോസഫ് സ്റ്റാൻലി
എന്റെ കെട്ടിടം പത്ത് വർഷമായി വാടകയ്ക്ക് കൊടുക്കാതെ, റോഡ് വികസനം കാത്തിരിക്കുകയാണ്. പദ്ധതി എത്രയും വേഗം നടപ്പാക്കിയാൽ പുതിയ കെട്ടിടം പണിത് വാടകയ്ക്ക് കൊടുക്കാൻ കഴിയും</td></tr>
<tr><td>4</td><td>ശ്രീ. സുനിൽ
കടകളുടെ മുന്നിലെ ഓട്ടോ സ്റ്റാൻഡ് വ്യാപാരം കുറയ്ക്കുന്ന ഘടകമാണ്. അതുകൊണ്ട്</td></tr>
</table>

	കുന്നംകുളം വികസന പദ്ധതിയിൽ ഓട്ടോ, ടാക്സി സ്റ്റാൻഡുകൾക്ക് സൗകര്യം ഉണ്ടാവണം. കൂടാതെ മുനിസിപ്പൽ ബിൽഡിംഗിൽ ഉള്ള കടക്കാരെ എവിടെയാണ് പുനരധിവസിപ്പിക്കുന്നത്. തങ്ങളുമായി ചർച്ച ചെയ്യണം	ത്യാഗങ്ങൾ കൊണ്ടാണ് കുന്നംകുളം ഇന്നത്തെ വികസിത രൂപം കൈകൊണ്ടത്. വടക്കാഞ്ചേരി റോഡിലെ പാർക്കിംഗ് പ്രശ്നം, മുനിസിപ്പാലിറ്റിയുമായി സംസാരിക്കാം. വളരെ കുറഞ്ഞ അളവിൽ ഏതെങ്കിലും ബഹുനില കെട്ടിടത്തെ പദ്ധതി ബാധിക്കുന്നുണ്ടെങ്കിൽ
5	**അഡ്വ. സജീവ് ഖാൻ** ഞാൻ സർവ്വീസ് സെന്റർ നടത്തുന്ന ആളാണ് എന്റെ കെട്ടിടത്തിന്റെ മുന്നിലെ ടാങ്ക് ഒക്കെ നഷ്ടപ്പെട്ടാൽ എനിക്ക് സർവ്വീസ് സെന്റർ നടത്തികൊണ്ട് പോകാൻ കഴിയില്ല. ന്യായമായ നഷ്ടപരിഹാരം നൽകണം. കൂടാതെ എന്റെ ശേഷിക്കുന്ന സ്ഥലം ഉപയോഗപ്പെടുത്താൻ അനുവദിക്കണം. ഈ പദ്ധതിയുടെ നേട്ടം എന്താണ്? ഇപ്പോഴത്തെ വൺവേ ഇല്ലാതാക്കാൻ സാധിക്കുമോ? ട്രാഫിക് ബ്ലോക്ക് കുറയ്ക്കാൻ കഴിയുമോ ?	ഉദ്യോഗസ്ഥർ പരിശോധിക്കട്ടെ. പദ്ധതിക്ക് ദോഷകരമല്ലെങ്കിൽ അവരുടെ നിർദ്ദേശ പ്രകാരം പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കാം. യൂട്ടിലിറ്റി ഷിഫ്റ്റിംങ്ങിൽ മാത്രം 12 കോടി ആണ് മാറ്റി വച്ചിരിക്കുന്നത്. ഈ പദ്ധതിയോടൊപ്പം ബൈപ്പാസിന്റെ പണി പൂർത്തീകരിക്കേണ്ടതുണ്ട്. കേച്ചേരി ജംഗ്ഷൻ വികസനം, ഇട റോഡുകളുടെ വികസനം, ഇവ എല്ലാം നടക്കുമ്പോൾ ജംഗ്ഷൻ വികസനത്തന്റെ പ്രയോജനം പൂർണ്ണമായും അനുഭവപ്പെടും. യോഗത്തിൽ എല്ലാവരും സഹകരണത്തിന്റെ നിർദ്ദേശങ്ങളാണ് പറഞ്ഞത്. നമുക്ക് കൂട്ടായി ഈ വികസ പദ്ധതി നടപ്പാക്കാം.
6	**ശ്രീ. സനൽ** പട്ടാമ്പി റോഡിൽ പലരും മതിൽ ഇറക്കി കെട്ടിയതാണ്. വളവ് ഇനിയും കൂടുന്ന വിധമാണ് കല്ല് ഇട്ടിരിക്കുന്നത്. വളവ് കൂടുമ്പോൾ അപകടം വർദ്ധിക്കും. അധികാരികൾ പരിശോധിക്കണം.	**ശ്രീ. സജിത്ത്, അസിസ്റ്റന്റ്, എക്സിക്യൂട്ടീവ് എൻഞ്ചിനീയർ. കെ.ആർ.എഫ്.ബി.,** ജംഗ്ഷൻ വികസനത്തിന്റെ ഭാഗമായ റൗണ്ട് എബൗട്ട് ഏറ്റവും കുറഞ്ഞ ചുറ്റളവിലാണ് രൂപരേഖയിൽ
7	**ശ്രീ. ബാലചന്ദ്രൻ** റോഡ് വീതി കൂടുമ്പോൾ തങ്ങളുടെ പാർക്കിംഗ് ഏരിയ കുറയും. എന്നാൽ നേരെ എതിർ വശത്ത് പുറമ്പോക്ക് ഭൂമി ഉണ്ട്. പരിശോധിക്കണം.	ഉൾപ്പെടുത്തിയിരിക്കുന്നത്. അത് വീണ്ടും കുറയ്ക്കുന്നത് സാങ്കേതികമായി ശരിയാവില്ല. എല്ലാ റോഡിന്റെയും രണ്ട് വശങ്ങളിലും നടപ്പാതകൾ ഉണ്ട്. രണ്ട്വരി ഗതാഗതം സുഗമമായി നടക്കാൻ തക്കമാണ് റോഡ് വികസനം. ഭൂമി ഏറ്റെടുക്കൽ പൂർത്തി ആയാൽ ഉടൻ
8	**ശ്രീ. ഫക്രുദീൻ** പദ്ധതിക്ക് ടൈം ഷെഡ്യൂൾ ഉണ്ടോ? ഭൂമി ഏറ്റെടുത്താൽ എന്ന് പണി തുടങ്ങും. എപ്പോൾ തീരും, ഇത് എല്ലാം മുൻകൂട്ടി പ്ലാൻ ചെയ്യണം. അനാവശ്യ താമസം വ്യാപാരികൾക്ക് നഷ്ടം ഉണ്ടാക്കും.	തന്നെ പദ്ധതി നിർമ്മാണം ആരംഭിക്കും. കാലതാമസം ഉണ്ടാവില്ല. വ്യാപാര സ്ഥാപനങ്ങൾക്ക് ഏറ്റവും കുറഞ്ഞ ബുദ്ധിമുട്ട് ഉണ്ടാവുന്ന വിധം ആകും നടപടികൾ. **ശ്രീമതി. ഷർമിള, ഡെപ്യൂട്ടി തഹസിൽദാർ, എൽ.എ. കിഫ്ബി**

9	**ശ്രീ. ബിനോയ്, സെക്രട്ടറി, സെന്റ്. ജോർജ് ചർച്ച്** സഭയുടെ സ്ഥലം, കുരിശടി എന്നിവ ബാധിക്കപ്പെടുന്നു. ശേഷിക്കുന്ന സ്ഥലത്ത് കുരിശടി പുതുക്കി പണിയാൻ അനുവദിക്കണം. പാർക്കിംഗ് ഏരിയ നഷ്ടപ്പെടുന്ന കെട്ടിടത്തിന് ഇളവുകൾ നൽകണം.	2013 -ലെ ഭൂമി ഏറ്റെടുക്കൽ നിയമം സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ ചട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി ആണ് ഭൂമി ഏറ്റെടുക്കുന്നതും. ഭൂമി വില നിശ്ചയിക്കുന്നതും. 4(1) വിഞ്ജാപനത്തിന് പുറകിൽ ഉള്ള മൂന്ന് വർഷത്തെ സമവും, സമ ഭൂമിയുടെ കൂടിയ കൈമാറ്റ വിലയുടെ ശരാശരി എടുത്ത് നൂറ് ശതമാനം നഷ്ടപരിഹാരം കൂട്ടിയുള്ള തുക കണക്കാക്കിയാണ്. സ്വകാര്യ ഉടമസ്ഥതയിലുള്ള, ചമയങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ വിലയും, ഭൂമി വിലയോടൊപ്പം കൂട്ടി, അവയുടേയും നൂറ് ശതമാനം നഷ്ടപരിഹാരം ഉൾപ്പെടുത്തി ഉള്ള തുകയാണ് ഭൂ ഉടമസ്ഥന് ലഭിക്കുന്ന നഷ്ടപരിഹാരം. കൈയേറ്റ ഭൂമി ആണെങ്കിൽ, അതിൽ നിർമ്മിക്കപ്പെട്ട ചമയങ്ങളുടെ വിലയും നൂറ് ശതമാനം നഷ്ടപരിഹാരവും നൽകും. വ്യാപാരികൾക്ക് വ്യാപാര നഷ്ടം, വ്യാപാരം പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് പുതിയ സ്ഥലത്തേക്ക് വ്യാപാരം മാറ്റുന്നതിന് ആവശ്യമായ ഷിഫ്റ്റിംഗ് ചാർജ് ഉൾപ്പെടെയുള്ള പുനരധിവാസ സഹായം ഇവ ഉണ്ടാകും.
10	**ശ്രീ. ഷെജി** പട്ടാമ്പി റോഡിൽ ആണ് വ്യാപാരം ചെയ്യുന്നത്. എന്റെ കടയുടെ മുന്നിലുള്ള റോഡിന്റെ മദ്ധ്യഭാഗത്ത് അടയാളപ്പെടുത്തിയിട്ടുണ്ട്. ഇരുവശങ്ങളിലേക്കും എത്ര വീതിയിൽ എടുക്കും എന്ന് പറയണം. പദ്ധതി സമയ ബന്ധിതമായി തീർക്കണം.	
11	**ശ്രീ. കാസിം, എ.പി. മെഡിക്കൽസ്** എന്റെ കെട്ടിടത്തിന്റെ സീലിംഗ് മുഴുവനും, ഷട്ടറും പോകും. കെട്ടിടത്തിന്റെ അപ്പ്സ്റ്റെയർ ഉള്ളതു കൊണ്ട് വ്യാപാരം ചെയ്യാൻ ബുദ്ധിമുട്ടാണ്. 10 - 20 ദിവസം കട പൂട്ടി ഇടാൻ പ്രയാസമാണ്. വികസനത്തിന്റെ പേരിൽ നിലവിലുള്ള വ്യാപാരികളെ ബുദ്ധിമുട്ടിക്കരുത്.	
12	**ശ്രീ. തമ്പി ഐപ്പ്** ഇരുപത്തി നാല് മണിക്കുറും പ്രവർത്തിക്കുന്ന കടയാണ്. എന്റെ കെട്ടിടത്തിന്റെ വാടക കൊണ്ടാണ് ജീവിക്കുന്നത്. പുനരധിവാസം ഉറപ്പ് വരുത്തിയിട്ട് മാത്രം കെട്ടിടങ്ങൾ പൊഴിക്കണം	

അദ്ധ്യായം 4
പദ്ധതി ഭൂമിയുടെ വിശകലനം

4.1. ഭൂമിയുടെ വിവരണം

കുന്നംകുളം ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്നതോ, ജംഗ്ഷനിൽ സംഗമിക്കുന്നതോ ആയ അഞ്ച് പൊതുമരാമത്ത് റോഡുകളുടെ പട്ടണത്തോട് ചേർന്ന വാണിജ്യ മേഖലയാണ് പദ്ധതി പ്രദേശം. കുന്നംകുളം അനേകം കൊല്ലത്തെ ചരിത്രമുള്ള വാണിജ്യ പ്രധാന പട്ടണമാണ്. നാല് പട്ടണങ്ങളെ നേരിട്ട് ബന്ധപ്പെട്ട് സ്ഥിതി ചെയ്യുന്ന കുന്നംകുളം പട്ടണം അങ്ങാടികൾകൊണ്ട് പ്രശസ്തമാണ്. പദ്ധതിയുടെ പ്രയോജനം ലഭ്യമാവുന്ന പ്രദേശം കുന്നംകുളം ജംഗ്ഷനിൽ നിന്നും ഉദ്ദേശം ഒന്നര കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശമാണ്. സാംസ്കാരിക തനിമ നിലനിർത്തുന്ന പദ്ധതി പ്രദേശം താമസ - വാണിജ്യ പ്രധാനമാണ്. ഭൂരിഭാഗം ആളുകളും കൃഷിയേക്കാൾ വാണിജ്യം മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള പദ്ധതി പ്രദേശം ജില്ലാ ആസ്ഥാനത്ത് നിന്നും, കേവലം 18 കിലോമീറ്റർ അകലത്തിലാണ് സ്ഥിതിചെയ്യുന്നത്.

4.2. പദ്ധതി പ്രദേശത്തിൽ ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

പദ്ധതി മൂലം ഉണ്ടാവുന്ന പൊതുവായ പ്രത്യാഘാതം, താമസ വാണിജ്യ ഭൂമിയിൽ ഉണ്ടാവുന്ന കുറവാണ്. ആയത് ഭൂമി വിലയുടെ വർദ്ധനയ്ക്കും, ഭൂമി ലഭ്യതയുടെ കുറവിനും കാരണമാകും. പദ്ധതി മൂലം ഗതാഗതം സുഗമമാവുന്നതോടെ ഉണ്ടാവുന്ന വർദ്ധിത അളവിലുള്ള വാഹന ഗതാഗതം, വാണിജ്യ പുരോഗതിയെ സഹായിക്കും. ഇപ്പോഴുള്ള എഴുപതോളം വ്യാപാര സ്ഥാപനങ്ങൾ കുടിയൊഴിപ്പിക്കപ്പെടുന്നതോടെ പുതിയ വ്യാപാരങ്ങൾ, സംരംഭങ്ങൾ എന്നിവ ആരംഭിക്കപ്പെടുകയും, കുന്നംകുളം പട്ടണം കൂടുതൽ സ്ഥലത്തേക്ക് വികസിക്കുകയും ചെയ്യും. പ്രത്യേക പാർക്കിംഗ്, ബസ്സ് ബേ, റൗണ്ട് എബൗട്ട് എന്നിവ വരുന്നതോടെ പൊതുസ്ഥല വിസ്തീർണ്ണം വർദ്ധിക്കുകയും അപകട സാധ്യതകൾ കുറയുകയും ചെയ്യും.

4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ വിവരണം.

അഞ്ച് പൊതുമരാമത്ത് റോഡുകൾ സംഗമിക്കുന്ന കുന്നംകുളം ജംഗ്ഷൻ. ജംഗ്ഷനിൽ നിന്നും എഴുനൂറ് മീറ്റർ മുതൽ ഒന്നേമുക്കാൽ കിലോമീറ്റർ വരെ ദൈർഘ്യമുള്ള മേൽപ്പറഞ്ഞ അഞ്ച് റോഡുകളുടെ ഇരുവശങ്ങൾ, ഉദ്ദേശം 0.81521 ഹെക്ടർ സ്വകാര്യ ഭൂമി വരുന്ന ഈ പ്രദേശമാണ് പദ്ധതി ഭൂമി. തികച്ചും വാണിജ്യ പ്രധാനമായ പദ്ധതി ഭൂമിയിൽ ചില ഇടങ്ങളിൽ താമസ ഭവനങ്ങളും ഉണ്ട്.

ഒരു കുരിശടി, വാണിജ്യ-സ്ഥാപനങ്ങളുടെ പാർക്കിംഗ് ഏരിയ, ഏതാനും വാണിജ്യ സ്ഥാപനങ്ങളുടെ മുൻഭാഗം, മുൻസിപ്പൽ ബസ്സ്റ്റാന്റ് കെട്ടിടത്തിലെ ബങ്കുകൾ, നാല് ട്രാൻസ്ഫോമറുകൾ, പതിനേഴ് ഇടറോഡുകൾ എന്നിവ എല്ലാം പദ്ധതി ഭൂമിയിൽ ഉണ്ട്. ജില്ലാ ആസ്ഥാനത്ത് നിന്ന് 18 കിലോമീറ്ററും, തൃശ്ശൂർ, വടക്കാഞ്ചേരി, പട്ടാമ്പി, ഗുരുവായൂർ

റെയിൽവേ സ്റ്റേഷനുകളിൽ നിന്ന് യഥാക്രമം 18 കി.മി., 21 കി.മി,. 21. കി.മി., 8 കി.മി. ദൂരത്തിൽ സ്ഥിതി ചെയ്യുന്ന പദ്ധതി പ്രദേശം, കൊച്ചി, കരിപ്പൂർ വിമാനത്താവളങ്ങളിൽ നിന്നും, തുല്യ ദൂരത്തിൽ ഉള്ള പ്രദേശമാണ്.

4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.

മുനിസിപ്പാലിറ്റി ടാക്സി സ്റ്റാൻഡ്, പാർക്കിംഗ് സ്ഥലങ്ങൾ, മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, പുറമ്പോക്ക് ഭൂമികൾ എന്നിവ പദ്ധതി ബാധിതമാണ്.

4.5. പദ്ധതിക്കുവേണ്ടി ഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റിവയ്ക്കപ്പെടുകയോ, വാടകയ്ക്ക് എടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരണം.

ബാധകമല്ല

4.6. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്ഥാനം, വിസ്തീർണ്ണം മറ്റു വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി 0.81521 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. കുന്നംകുളം ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്നതോ, ജംഗ്ഷനിൽ സംഗമിക്കുന്നതോ ആയ അഞ്ച് പൊതുമരാമത്ത് റോഡുകളുടെ പട്ടണത്തോട് ചേർന്ന വാണിജ്യ മേഖലയാണ് പദ്ധതി പ്രദേശം. കുന്നംകുളം അനേകം കൊല്ലത്തെ ചരിത്രമുള്ള വാണിജ്യ പ്രധാന പട്ടണമാണ്. നാല് പട്ടണങ്ങളെ നേരിട്ട് ബന്ധപ്പെട്ട് സ്ഥിതി ചെയ്യുന്ന കുന്നംകുളം പട്ടണം അങ്ങാടികൾകൊണ്ട് പ്രശസ്തമാണ്. പദ്ധതിയുടെ പ്രയോജനം ലഭ്യമാവുന്ന പ്രദേശം കുന്നംകുളം ജംഗ്ഷനിൽ നിന്നും ഉദ്ദേശം ഒന്നര കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശമാണ്. സാംസ്കാരിക തനിമ നിലനിർത്തുന്ന പദ്ധതി പ്രദേശം താമസ - വാണിജ്യ പ്രധാനമാണ്. ഭൂരിഭാഗം ആളുകളും കൃഷിയേക്കാൾ വാണിജ്യം മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള പദ്ധതി പ്രദേശം ജില്ലാ ആസ്ഥാനത്ത് നിന്നും, കേവലം 18 കിലോമീറ്റർ അകലത്തിലാണ് സ്ഥിതിചെയ്യുന്നത്.

4.7. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്വഭാവം, ഘടന, കൃഷി രീതി, ജല ലഭ്യത

ക്രമ നം.	ഭൂമിയുടെ ഘടന	നിലവിലെ ഉപ യോഗം	ജല ലഭ്യത	കൃഷി രീതി	എണ്ണം
1.	കരഭൂമി	താമസസ്ഥലം	ജലസേചന സൗകര്യം ഉള്ളത്	ബാധകമല്ല	21
2	കരഭൂമി	വാണിജ്യം	ജലസേചന സൗകര്യം ഉള്ളത്	ബാധകമല്ല	470
3	കരഭൂമി	മതപരം/ സാമു ദായികം/ സാംസ്കാ	ജലസേചന സൗകര്യം ഉള്ളത്	ബാധകമല്ല	11

		രികം/ സർക്കാർ/ പൊതുവായ			
4.	കരഭൂമി	കൃഷി / മറ്റു ള്ളവ	ബാധകമല്ല	ബാധകമല്ല	0
				ആകെ	502

4.8. വസ്തുവിന്റെ വിസ്തൃതി, ഉടമസ്ഥതാ സ്വഭാവം, വിവരണം, താമസഭവനങ്ങളുടെ എണ്ണം.

പദ്ധതിബാധിത പ്രദേശത്തെ പുരയിടത്തിന്റെ ശരാശരി വിസ്തീർണ്ണം സംസ്ഥാന ശരാശരിക്ക് താഴെയായി നിൽക്കുന്നു. താഴെപ്പറയുന്ന രീതിയിലാണ് പദ്ധതി പ്രദേശത്തെ പുരയിടങ്ങളിൽ ഉടമസ്ഥാവകാശം.

പുരയിടത്തിന്റെ വിസ്തീർണ്ണം	എണ്ണം
10 സെന്റിൽ താഴെ	116
10-20	268
20 സെന്റിനു മുകളിൽ	118
ആകെ	**502**

4.9. ഭൂമി വില, ഉടമസ്ഥാവകാശത്തിലെ മാറ്റങ്ങൾ, ഭൂമി കൈമാറ്റം, ഭൂമിയുടെ ഉപയോഗം- കഴിഞ്ഞ 3 വർഷങ്ങളിൽ

ബാധകമല്ല.

അദ്ധ്യായം 5
ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

5.1. പദ്ധതി നേരിട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

പദ്ധതിബാധിതരിൽ മുന്നൂറ്റി പത്തൊമ്പത് പേർ ഭൂ ഉടമസ്ഥരും, നൂറ്റി എൺപത്തിരണ്ട് പേർ ഭൂ ഉടമസ്ഥരല്ലാത്ത പദ്ധതിബാധിതരുമാണ്. ഇത് കൂടാതെ ഒരു സാംസ്കാരിക ചമയവും, പദ്ധതിബാധിതമാണ്. മുന്നൂറ്റി പത്തൊമ്പത് ഭൂ ഉടമസ്ഥരിൽ നാൽപത്തിയാറ് പേർ സ്ത്രീകളും, ഇരുപത്തിയാറ് എണ്ണം കൂട്ടുടമസ്ഥതയിലോ, സാമുദായികപരമോ, മതപരമോ ആണ്. പദ്ധതിബാധിതരായ ഭൂ ഉടമസ്ഥരുടെ വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് കേവലം ആറ് പേർ മാത്രമാണ് പത്താംതരത്തിൽ താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളത്. നാൽപത്തിരണ്ട് പേർ ബിരുദധാരികളും, ഇരുപത്തൊന്ന് പേർ ബിരുദധാനന്തര ബിരുദം ഉള്ളവരുമാണ്. കൂടാതെ പതിനേഴ് പേർ സാങ്കേതിക വിദ്യാഭ്യാസ യോഗ്യത ഉള്ളവരും, ആറ് പേർ പ്രൊഫഷണൽ ഡിഗ്രി ഉള്ളവരും ആണ്. ജോലി വിതരണം സൂചിപ്പിക്കുന്നത്. നൂറ്റിഎഴുപത്തെട്ട് പേരും വാണിജ്യ-വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നവരും, കേവലം ഇരുപത്തൊൻപത് പേർ മാത്രം സ്വകാര്യ മേഖലയിൽ ജോലിചെയ്യുന്നവരും ആണ്. ആറ് പേർ സ്വന്തമായി പ്രാക്ടീസ് നടത്തുന്ന പ്രൊഫഷണലുകൾ ആണ്.

മതപരമായ വിതരണം സൂചിപ്പിക്കുന്നത് ഇരുനൂറ്റിനാല് പേരും ക്രിസ്ത്യൻ മത വിശ്വാസികളും നാൽപത് പേർ ഹിന്ദുമതസ്ഥരും ശേഷിക്കുന്നവർ ഇസ്ലാം മത വിശ്വാസികളും ആണ്. സാമ്പത്തിക വിതരണം സൂചിപ്പിക്കുന്നത് ഒരാൾ ഒഴിച്ച് ആരും ദാരിദ്രരേഖയ്ക്ക് താഴെ ഉള്ളവർ അല്ല എന്നാണ്. 86% പേർക്കും 20,000/- രൂപയ്ക്ക് മുകളിൽ മാസവരുമാനം ഉള്ളവരാണ്.

ഭൂ ഉടമസ്ഥരല്ലാത്ത പദ്ധതിബാധിതരിൽ 97% പേരും, വാണിജ്യസ്ഥാപനങ്ങൾ നടത്തുന്നവരും, അവരിൽ 11% പുറംമ്പോക്ക് കച്ചവടം നടത്തുന്നവരുമാണ്. ഇവരുടെ സാമ്പത്തിക നിലവാര വിവരണം സൂചിപ്പിക്കുന്നത്, എല്ലാവരും ദാരിദ്രരേഖയ്ക്ക് മുകളിൽ ഉള്ളവർ ആണ് എന്നാണ്. വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് എല്ലാവരും സാക്ഷരരും, 66% പേരും പത്താംതരം വിദ്യാഭ്യാസയോഗ്യത ഉള്ളവരുമാണ്. 14% പേർ ഡിഗ്രിയോ, അതിൽ കൂടുതലോ വിദ്യാഭ്യാസം ഉളളവരും, ശേഷിക്കന്നവരുമാണ്. മതപരമായ വിതരണം സൂചിപ്പിക്കുന്നത് അറുപത്തിയാറ് പേർ ക്രിസ്ത്യൻ മത വിശ്വാസികളും, നാൽപത്തൊന്ന് പേർ ഹിന്ദുമത വിശ്വാസികളും ശേഷിക്കുന്നവർ മുസ്ലീം മതസ്ഥരുമാണ്.

5.2. പദ്ധതി നേരിട്ട് അല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

പദ്ധതി നേരിട്ടല്ലാതെ ബാധിക്കുന്ന കുടുംബങ്ങൾ പ്രധാനമായും പദ്ധതി റോഡുകളിൽ നിന്നും ആരംഭിക്കുന്ന ഇടറോഡുകൾ പ്രധാന പ്രവേശന റോഡുകളായി ഉപയോഗിക്കുന്ന

താമസക്കാർ, വ്യാപാരികൾ എന്നിവരാണ്. പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഗതാഗത തടസ്സം, വ്യാപാര നഷ്ടം എന്നിവ ഉണ്ടാകാൻ സാധ്യതയുണ്ട്.

5.3. ഉപയോഗ പ്രദമായതും അല്ലാത്തതുമായ ഭൂമിയുടെയും, മറ്റ് സ്വത്തുക്കളുടെയും വിവരങ്ങൾ

പദ്ധതിപ്രദേശത്തെ ഭൂമി എല്ലാ മാനദണ്ഡങ്ങൾ പ്രകാരവും ഉപയോഗപ്രദമാണ്.

അദ്ധ്യായം 6

പദ്ധതി ബാധിതരുടെ സാമൂഹ്യ- സാമ്പത്തിക- സാംസ്കാരിക വിവരങ്ങൾ

6.1.ജനസംഖ്യാ വിവരങ്ങൾ

പദ്ധതിബാധിതരിൽ മുന്നൂറ്റി പത്തൊമ്പത് പേർ ഭൂ ഉടമസ്ഥരും, നൂറ്റി എൺപത്തിരണ്ട് പേർ ഭൂ ഉടമസ്ഥരല്ലാത്ത പദ്ധതിബാധിതരുമാണ്. ഇത് കൂടാതെ ഒരു സാംസ്കാരിക ചമയവും, പദ്ധതിബാധിതമാണ്. മുന്നൂറ്റി പത്തൊമ്പത് ഭൂ ഉടമസ്ഥരിൽ നാൽപ്പത്തിയാറ് പേർ സ്ത്രീകളും, ഇരുപത്തിയാറ് എണ്ണം കൂട്ടുടമസ്ഥതയിലോ, സാമുദായികപരമോ, മതപരമോ ആണ്. പദ്ധതിബാധിതരായ ഭൂ ഉടമസ്ഥരുടെ വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് കേവലം ആറ് പേർ മാത്രമാണ് പത്താംതരത്തിൽ താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളത്. നാൽപ്പത്തിരണ്ട് പേർ ബിരുദധാരികളും, ഇരുപത്തൊന്ന് പേർ ബിരുദധാനന്തര ബിരുദം ഉള്ളവരുമാണ്. കൂടാതെ പതിനേഴ് പേർ സാങ്കേതിക വിദ്യാഭ്യാസ യോഗ്യത ഉള്ളവരും, ആറ് പേർ പ്രൊഫഷണൽ ഡിഗ്രി ഉള്ളവരും ആണ്. ജോലി വിതരണം സൂചിപ്പിക്കുന്നത്. നൂറ്റിഎഴുപത്തെട്ട് പേരും വാണിജ്യ-വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നവരും, കേവലം ഇരുപത്തൊൻപത് പേർ മാത്രം സ്വകാര്യ മേഖലയിൽ ജോലിചെയ്യുന്നവരും ആണ്. ആറ് പേർ സ്വന്തമായി പ്രാക്ടീസ് നടത്തുന്ന പ്രൊഫഷണലുകൾ ആണ്.

മതപരമായ വിതരണം സൂചിപ്പിക്കുന്നത് ഇരുനൂറ്റിനാല് പേരും ക്രിസ്ത്യൻ മത വിശ്വാസികളും നാൽപ്പത് പേർ ഹിന്ദുമതസ്ഥരും ശേഷിക്കുന്നവർ ഇസ്ലാം മത വിശ്വാസികളും ആണ്. സാമ്പത്തിക വിതരണം സൂചിപ്പിക്കുന്നത് ഒരാൾ ഒഴിച്ച് ആരും ദാരിദ്രരേഖയ്ക്ക് താഴെ ഉള്ളവർ അല്ല എന്നാണ്. 86% പേർക്കും 20,000/- രൂപയ്ക്ക് മുകളിൽ മാസവരുമാനം ഉള്ളവരാണ്.

ഭൂ ഉടമസ്ഥരല്ലാത്ത പദ്ധതിബാധിതരിൽ 97% പേരും, വാണിജ്യസ്ഥാപനങ്ങൾ നടത്തുന്നവരും, അവരിൽ 11% പുറംമ്പോക്ക് കച്ചവടം നടത്തുന്നവരുമാണ്. ഇവരുടെ സാമ്പത്തിക നിലവാര വിവരണം സൂചിപ്പിക്കുന്നത്, എല്ലാവരും ദാരിദ്രരേഖയ്ക്ക് മുകളിൽ ഉള്ളവർ ആണ് എന്നാണ്. വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് എല്ലാവരും സാക്ഷരരും, 66% പേരും പത്താംതരം വിദ്യാഭ്യാസയോഗ്യത ഉള്ളവരുമാണ്. 14% പേർ ഡിഗ്രിയോ, അതിൽ കൂടുതലോ വിദ്യാഭ്യാസം ഉള്ലവരും, ശേഷിക്കന്നവരുമാണ്. മതപരമായ വിതരണം സൂചിപ്പിക്കുന്നത് അറുപത്തിയാറ് പേർ ക്രിസ്ത്യൻ മത വിശ്വാസികളും, നാൽപ്പത്തൊന്ന് പേർ ഹിന്ദുമത വിശ്വാസികളും ശേഷിക്കുന്നവർ മുസ്ലീം മതസ്ഥരുമാണ്.

6.2. സ്ത്രീ - പുരുഷ അടിസ്ഥാനത്തിൽ ഭൂവുടമകളുടെ വിവരണം.

പുരുഷൻ/സ്ത്രീ	എണ്ണം
സ്ത്രീ	46
പുരുഷൻ	247
ബാധകമല്ല	26

(സർക്കാർ / പൊതു / സാംസ്കാരിക / സാമുദായിക/ മതപരം)	
ആകെ	**319**

6.3. പദ്ധതി ബാധിതരായ ഭൂവുടമകളുടെ വയസ്സ് തിരിച്ചുള്ള വിവരണം

വയസ്സ്	**എണ്ണം**
20-30	11
31-40	28
41-50	68
51-60	90
61-70	56
70 ന് മുകളിൽ	40
ബാധകമല്ല	26
ആകെ	**319**

6.4. കുടുംബാംഗങ്ങളുടെ എണ്ണം അനുസരിച്ച് ഭൂവുടമകളുടെ വിവരണം.

കുടുംബാംഗങ്ങളുടെ എണ്ണം	**കുടുംബങ്ങളുടെ എണ്ണം**
1-2	10
3-4	145
5-7	124
7 ന് മുകളിൽ	14
ബാധകമല്ല	26
ആകെ	**319**

6.5. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

വിദ്യാഭ്യാസ നിലവാരം	**എണ്ണം**
10 ൽ താഴെ	6
എസ്.എസ്.എൽ.സി	129
പ്രി ഡിഗ്രി	78
ബിരുദം	42
ബിരുദാനന്തര ബിരുദം	21
സാങ്കേതിക വിദ്യാഭ്യാസം	17
ബാധകമല്ല	26
ആകെ	**319**

6.6. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

മതം	**എണ്ണം**
ഹിന്ദു	40
മുസ്ലീം	49

ക്രിസ്ത്യൻ	204
ബാധകമല്ല	26
ആകെ	**319**

6.7. ഭൂവുടമകളുടെ സാമ്പത്തിക സ്ഥിതി

സാമ്പത്തിക സ്ഥിതി	**എണ്ണം**
ദാരിദ്ര രേഖയ്ക്ക് മുകളിൽ	292
ദാരിദ്ര രേഖയ്ക്ക് താഴെ	1
ബാധകമല്ല	26
ആകെ	**319**

6.8. ജോലി അടിസ്ഥാനമാക്കി ഭൂവുടമകൾ

ഭൂവുടമകളുടെ പ്രധാന തൊഴിൽ	**എണ്ണം**
ഓണിജ്യം- വ്യവസായം	178
സ്വയം തൊഴിൽ	54
സർക്കാർ	11
പ്രൈവറ്റ് ജോലി	29
തൊഴിൽ രഹിതർ	3
മറ്റുള്ളവ	18
ബാധകമല്ല	26
ആകെ	**319**

6.9. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ

മാസ വരുമാനം	**എണ്ണം**
10,000 ന് താഴെ	39
11,000-20,000	114
21,000-30,000	113
30,000 ന് മുകളിൽ	27
ബാധകമല്ല	26
ആകെ	**319**

6.10. പദ്ധതി ബാധിതരുടെ കുടുംബാംഗങ്ങളുടെ സാമൂഹ്യ - സാമ്പത്തിക വിവരങ്ങൾ

6.10.1. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ പ്രായം തിരിച്ചുള്ള വിവരങ്ങൾ

കുടുംബാംഗങ്ങളുടെ പ്രായം	**എണ്ണം**
≤10	175

11-20	193
21-30	232
31-40	248
41-50	232
51-60	183
61-70	145
70 ന് മുകളിൽ	123
ആകെ	**1531**

6.10.2. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളും വിദ്യാഭ്യാസ നിലവാരം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

വിദ്യാഭ്യാസ നിലവാരം	എണ്ണം
10 ൽ താഴെ	477
എസ്.എസ്.എൽ.സി	403
പ്രി ഡിഗ്രി	319
ബിരുദം	71
ബിരുദാനന്തര ബിരുദം	59
സാങ്കേതികം	96
മറ്റുള്ളവ	106
ആകെ	**1531**

6.11. ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെവിവരണം

ക്രമ നം.	ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതർ	വിശദീകരണം		
		വാണിജ്യം	താമസം	മറ്റുള്ളവ
1	വാടകക്കാരൻ	169		
2.	പുറമ്പോക്ക് കച്ചവടം	10		
3.	കൈയ്യേറ്റക്കാരൻ	3		
4.	മതപരം			1
	ആകെ	**183**		

6.11.1. ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വയസ്സ് തിരിച്ചുള്ള വിവരണം

വയസ്സ്	എണ്ണം
20-30	37
31-40	35
41-50	37
51-60	33
61-70	21
70 ന് മുകളിൽ	19
ആകെ	**182**

6.11.2. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരണം

വിദ്യാഭ്യാസ നിലവാരം	**എണ്ണം**
10ൽ താഴെ	**20**
എസ്.എസ്.എൽ.സി	41
പ്രി ഡിഗ്രി	41
ബിരുദം	29
ബിരുദാനന്തര ബിരുദം	14
സാങ്കേതികം	19
മറ്റുള്ളവ	18
ആകെ	**182**

6.11.3. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരങ്ങൾ

മതം	**എണ്ണം**
ഹിന്ദു	45
മുസ്ലീം	49
ക്രിസ്ത്യൻ	73
ആകെ	**182**

6.11.4. ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ സാമ്പത്തിക സ്ഥിതി

സാമ്പത്തിക സ്ഥിതി	**എണ്ണം**
ദാരിദ്ര രേഖയ്ക്ക് മുകളിൽ	159
ദാരിദ്ര രേഖയ്ക്ക് താഴെ	23
ആകെ	**182**

6.11.5. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരങ്ങൾ

മാസ വരുമാനം	**എണ്ണം**
10,000 ന് താഴെ	75
10,000 –15,000	56
16,000 – 20,000	51
ആകെ	**182**

അദ്ധ്യായം 7
സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതി

ഒരു ആരാധനാലയത്തിന്റെ കുരിശടി പൂർണ്ണമായും, ഒരു പ്രാർത്ഥനാലയത്തിന്റെ മുൻഭാഗം, ഒരു ആരാധനാലയത്തിന്റെ ചുറ്റുമതിൽ, ഇരുപത്തിയാറ് വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിടത്തിന്റെ മുൻഭാഗം, നാല് താമസ്സ ഭവനങ്ങളുടെ മുൻഭാഗം, നൂറ്റി നാൽപ്പത് വ്യാപാര സ്ഥാപനങ്ങളുടെ പാർക്കിംഗ് ഏരിയ, എൺപത് ഭൂ ഉടമസ്ഥരുടെ ഭൂമി എന്നിവ ഭാഗികമായും നഷ്ടപ്പെടുന്നു എന്നുള്ളതാണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതം.

പൂർണ്ണമായും നഷ്ടപ്പെടുന്ന കുരിശടി ഒഴിച്ച് ഭൂമിയോ, കെട്ടിടമോ പൂർണ്ണമായും കുടി ഒഴിപ്പിക്കപ്പെടുന്ന ഭൂഉടമസ്ഥർ ഇല്ല എന്നത് പ്രത്യാഘാതത്തിൽ എടുത്തു പറയേണ്ടതാണ്. എന്നാൽ ബാധിക്കപ്പെടുന്ന വ്യാപാര, താമസ്സ കെട്ടിടങ്ങളിൽ 90% വർഷങ്ങൾ പഴക്കമുള്ളതും, അതുകൊണ്ട് തന്നെ സംരക്ഷിച്ച് നിലനിർത്താൻ പ്രയാസം ഉള്ളതുമാണ്. ഇപ്രകാരം കെട്ടിടങ്ങൾ വിട്ടു നൽകുമ്പോഴും, മുനിസിപ്പാലിറ്റി കെട്ടിടങ്ങൾ പൊളിച്ച് പണിയുമ്പോഴും, അനേകം വ്യാപാര സ്ഥാപനങ്ങൾ ബാധിക്കപ്പെടാനും, മാറ്റി സ്ഥാപിക്കേണ്ട സാഹചര്യം ഉണ്ടാവാനും സാധ്യതയുണ്ട്. പദ്ധതി വ്യാപാര സ്ഥാപനങ്ങളുടെ പാർക്കിംഗ് ഏരിയയും ഹൈവേ സെറ്റ്ബാക്ക് സ്ഥലങ്ങളും നഷ്ടപ്പെടുത്തുന്നതു കൊണ്ട് തന്നെ പല സ്ഥാപനങ്ങളും ഭാവിയിൽ പുനർ നിർമ്മാണം പോലുള്ള കാര്യങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാവും. വാഹന പാർക്കിംഗ് ഇല്ലാതാകുന്നതോടെ ഉണ്ടാവുന്ന വ്യാപാര നഷ്ടവും കണക്കാക്കേണ്ടതാണ്. എന്നാൽ റോഡ് വികസനം കൊണ്ടുവരുന്ന അധിക സാധ്യതയായ, വർദ്ധിത ഗതാഗതം വ്യാപാര വർദ്ധനവിന് സഹായകരമാണ്.

കുന്നംകുളം പട്ടണം അയൽ ജില്ലകളിലെ വ്യാപാര സ്ഥാപനങ്ങളിലേക്കും, സംസ്ഥാനത്ത് മൊത്തമായും, ഉത്പന്നങ്ങൾ നൽകുന്ന ഒരു വലിയ വ്യാപാര ശൃംഖലയുടെ കേന്ദ്രമാണ്. അതുകൊണ്ട് തന്നെ ഗതാഗത സൗകര്യ വികസനം ഈ വ്യാപാരത്തെ പരിപോഷിപ്പിക്കാൻ സഹായകരമാണ്. ഉദ്ദേശം പതിനേഴ് ഇട റോഡുകൾ, വികസിപ്പിക്കുന്ന റോഡുകളിൽ നിന്ന് ആരംഭിക്കുകയോ, വന്നുചേരുകയോ ചെയ്യുന്നുണ്ട്. ഇട റോഡുകളിലേക്കുള്ള സുഗമമായ ഗതാഗതം പദ്ധതിയുടെ നേട്ടമായി മാറേണ്ടതുണ്ട്. പാലക്കാട് - പട്ടാമ്പി - ഗുരുവായൂർ റോഡ് സംസ്ഥാനത്തെ തന്നെ ഏറ്റവും തിരക്കേറിയ സംസ്ഥാന പാതയാണ്. പദ്ധതി ഈ റോഡിന്റെ, കുന്നംകുളം പട്ടണത്തിലെ വികസനം ഉറപ്പ് വരുത്തുന്നു. ആയത് ഇപ്പോഴത്തെ വൺവേ സംവിധാനം ഇല്ലാതാക്കാൻ സഹായിച്ചാൽ കൂടുതൽ വാഹനങ്ങളെ പട്ടണത്തിലേക്ക് ആകർഷിക്കും.

7.1. പ്രത്യാഘാത ലഘൂകരണ നടപടികൾ

ക്രമ നം.	ഉണ്ടാകാവുന്ന നഷ്ടം	സമീപനം	സാധ്യമായ ലഘൂകരണ നടപടികൾ
1.	താമസ ഭവനങ്ങളുടെ നഷ്ടം	നഷ്ടപരിഹാരം പുനരധിവാസം	നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാ

			ക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക.
2.	താമസ ഭവനങ്ങളുടെ ഭാഗിക നഷ്ടം	നഷ്ടപരിഹാരം, പുനസ്ഥാപനം	നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക.
3.	ഭൂമിയുടെ ഭാഗിക നഷ്ടം	നഷ്ടപരിഹാരം	നഷ്ട പരിഹാരം നൽകുക
4.	കെട്ടിടങ്ങളുടെ നഷ്ടം	നഷ്ടപരിഹാരം	നഷ്ട പരിഹാരം നൽകുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക.
5.	കെട്ടിടങ്ങളുടെ ഭാഗിക നഷ്ടം	നഷ്ടപരിഹാരം പുനസ്ഥാപനം	നഷ്ട പരിഹാരം നൽകുക ഓരോ പദ്ധതി ബാധിതരെയും പ്രത്യേകമായി പരിഗണിക്കുക.കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക.
6.	ചമയങ്ങളുടെ നഷ്ടം	നഷ്ട പരിഹാരം	നഷ്ട പരിഹാരം നൽകുക
7.	ചമയങ്ങളുടെ ഭാഗിക നഷ്ടം	നഷ്ട പരിഹാരം	നഷ്ട പരിഹാരം നൽകുക
8.	വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം	നിയന്ത്രണം/ പുനർനിർമ്മാണം	ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക.
9	ഇടറോഡിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം	നിയന്ത്രണം	ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ-പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക.
10.	റോഡ് ഭവനവുമായി വളരെ ചേർന്ന് പോകുന്നു.	സുരക്ഷിതത്തം പുനർവാസം	ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക
11.	ഉപയോഗശൂന്യമായ തുണ്ടുഭൂമികളുടെ രൂപപ്പെടൽ	നിയന്ത്രണം	ഉപയോഗശൂന്യമായ തുണ്ടുഭൂമികൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുക.
12.	ജലവിതരണ പൈപ്പുകളുടെ നഷ്ടം	പുനസ്ഥാപനം	പുനസ്ഥാപനം
13.	മരങ്ങളുടെ നഷ്ടം	നഷ്ട പരിഹാരവും നിയന്ത്രണവും	മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക.

14.	പൊതു ഉപയോഗ വസ്തുക്കളുടെ നഷ്ടം	പുനസ്ഥാപനം	പുനസ്ഥാപനം
15.	പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക.	നിയന്ത്രണം	നടപടി ക്രമങ്ങളിൽ പദ്ധതി ബാധിത രുടെ പങ്കാളിത്തം ഉറപ്പു വരുത്തുക.
16.	പരാതി പരിഹാരം	നിയന്ത്രണം	പ്രവർത്തന നിരതമായ പരാതി പരി ഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചാ യത്ത് തലത്തിലും പ്രവർത്തിക്കുക.

7.2. പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ

പദ്ധതി ബാധിതർക്ക് പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ലഭ്യമാകുന്നതിന് ഏറ്റെടുത്ത തിനുശേഷം കൈവശത്തിലിരിക്കുന്ന ഭൂമി പ്രയോജനപ്രദമായ വിധം ഉപയോഗിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ നൽകുന്നത് പദ്ധതിയുടെ പ്രത്യാഘാതം കുറ യ്ക്കാൻ സഹായകരമാണ്.

7.3. പദ്ധതിക്ക് വേണ്ടി ഭൂമി ആവശ്യപ്പെടുന്ന നടപ്പാക്കൽ പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ

ബാധകമല്ല

7.4.സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റ ങ്ങളും കൂട്ടിചേർക്കേണ്ട കാര്യങ്ങളും

ബാധകമല്ല

7.5. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

ക്രമ നം.	ഉണ്ടാകാവുന്ന നഷ്ടം	പോസിറ്റീവ്/ നെഗറ്റീവ്	സാധ്യതാ നില വാരം	പ്രത്യാഘാത തീവ്രത	പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ്	പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം	സാധ്യമായ ലഘൂകരണ നടപടികൾ
1.	താമസ ഭവനങ്ങളുടെ നഷ്ടം	നെഗറ്റീവ്	സാധ്യമാണ്	മധ്യമം	മധ്യമം	കുറഞ്ഞ	നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും

							ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെ ങ്കിൽ ഇളവ് നൽകുക.
2	താമസ ഭവ നങ്ങളുടെ ഭാഗിക നഷ്ടം	നെഗ റ്റീവ്	സാധ്യ മാണ്	മധ്യമം	മധ്യമം	കുറ ഞ്ഞ	നഷ്ട പരി ഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കു കയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെ ങ്കിൽ ഇളവ് നൽകുക.
3	ഭൂമിയുടെ ഭാഗിക നഷ്ടം	നെഗ റ്റീവ്	സാധ്യ മാണ്	മധ്യമം	മധ്യമം	കുറ ഞ്ഞ	നഷ്ട പരി ഹാരം നൽകുക
4	കെട്ടിടങ്ങ ളുടെ നഷ്ടം	നെഗ റ്റീവ്	സാധ്യ മാണ്	മധ്യമം	വളരെ ഉയർന്ന	കുറ ഞ്ഞ	നഷ്ട പരി ഹാരം നൽകുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെ ങ്കിൽ ഇളവ് നൽകുക.
5	കെട്ടിടങ്ങ ളുടെ ഭാഗിക നഷ്ടം	നെഗ റ്റീവ്	സാധ്യ മാണ്	മധ്യമം	വളരെ ഉയർന്ന	കുറ ഞ്ഞ	നഷ്ട പരി ഹാരം നൽകുക ഓരോ പദ്ധതി ബാധിത രെയും പ്രത്യേ കമായി പരിഗ ണിക്കുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ

							ആവശ്യമെങ്കിൽ ഇളവ് നൽകുക.
6	ചമയങ്ങളുടെ നഷ്ടം	നെഗറ്റീവ്	സാധ്യമാണ്	കുറഞ്ഞ	കുറഞ്ഞ	കുറഞ്ഞ	നഷ്ട പരിഹാരം നൽകുക
7	ചമയങ്ങളുടെ ഭാഗിക നഷ്ടം	നെഗറ്റീവ്	സാധ്യമാണ്	കുറഞ്ഞ	കുറഞ്ഞ	കുറഞ്ഞ	നഷ്ട പരിഹാരം നൽകുക
8	വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം	നെഗറ്റീവ്	സാധ്യമാണ്	വളരെ ഉയർന്ന	മധ്യമം	കുറഞ്ഞ	ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക.
9	ഇടറോഡിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം	നെഗറ്റീവ്	സാധ്യമാണ്	വളരെ ഉയർന്ന	മധ്യമം	കുറഞ്ഞ	ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക.
10	റോഡ് ഭവനവുമായി വളരെ ചേർന്ന് പോകുന്നു.	നെഗറ്റീവ്	സാധ്യമാണ്	കുറഞ്ഞ	ലഘുവായ	കുറഞ്ഞ	ഭവനത്തിന്റെ സുരക്ഷ ഉറപ്പാകത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക
11.	ഉപയോഗശൂന്യമായ തുണ്ടുഭൂമികളുടെ രൂപപ്പെടൽ	നെഗറ്റീവ്	സാധ്യമാണ്	മധ്യമം	മധ്യമം	കുറഞ്ഞ	ഉപയോഗശൂന്യമായ തുണ്ടുഭൂമികൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുക.

12.	ജലവിതരണ പൈപ്പുകളുടെനഷ്ടം	നെഗറ്റീവ്	സാധ്യമാണ്	കുറഞ്ഞ	ലഘുവായ	കുറഞ്ഞ	പുനസ്ഥാപനം
13.	മരങ്ങളുടെ നഷ്ടം	നെഗറ്റീവ്	സാധ്യമാണ്	കുറഞ്ഞ	ലഘുവായ	കുറഞ്ഞ	മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക.
14.	പൊതു ഉപയോഗ വസ്തുക്കളുടെ നഷ്ടം	നെഗറ്റീവ്	സാധ്യമാണ്	കുറഞ്ഞ	ലഘുവായ	കുറഞ്ഞ	പുനസ്ഥാപനം
15.	പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക.	പോസിറ്റീവ്	സാധ്യമാണ്	കുറഞ്ഞ	ലഘുവായ	മധ്യമം	നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക.
16.	പരാതി പരിഹാരം	നെഗറ്റീവ്	സാധ്യമാണ്	വളരെ ഉയർന്ന	മധ്യമം	മധ്യമം	പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക.

അദ്ധ്യായം 8

സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ നടപ്പാക്കൽ സംവിധാന ഘടന

8.1. സ്ഥാപന ഘടനാ സംവിധാനം

സാമൂഹ്യ പ്രത്യാഘാത പരിഹാര ഉത്തര വാദിത്തം	നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ
ജില്ലാ കളക്ടർ	നഷ്ട പരിഹാര നിർണ്ണയവും പരാതി പരിഹാരവും
ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ)	ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം
സ്പെഷ്യൽ തഹസിൽദാർ	ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം
കേരള റോഡ് ഫണ്ട് ബോർഡ്	നടപ്പാക്കൽ ഏജൻസി
ജില്ലാ ഫോറസ്റ്റ് ഓഫീസർ	മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയിക്കൽ
റിക്വസിഷൻ അധികാരികൾ	പുനരധിവാസവും പുനസ്ഥാപനവും

അദ്ധ്യായം 9
സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണവും ബജറ്റും പ്രത്യാഘാത ലഘൂകരണത്തിന് വേണ്ടിയുള്ള സാമ്പത്തികവും

9.1. - പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ചിലവ്

ബാധകമല്ല

9.2.- വാർഷിക ബജറ്റും പദ്ധതി രൂപരേഖയും

ബാധകമല്ല

9.3. സാമ്പത്തിക സ്രോതസ്സും വിശദീകരണവും

ബാധകമല്ല

അദ്ധ്യായം 10
സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി
- മേൽനോട്ടവും വിലയിരുത്തലും

10.1.- പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ

- ഭൂവുടമകളുടെ ഭൂ വില നിർണ്ണയ പ്രവർത്തനങ്ങളിൽ ഉള്ള പങ്കാളിത്തം
- ഭൂവുടമകളിൽ നിന്ന് പരാതി കൂടാതെ ഭൂമി ഏറ്റെടുക്കാൻ സാധിച്ചു.
- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- തടസ്സപ്പെട്ട പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം.
- പരാതി പരിഹാര സമിതിയുടെ രൂപീകരണം.
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം.
- നഷ്ടപരിഹാര വിനയോഗം
- പരാതി പരിഹാര സമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- കോടതി കേസുകളുടെ എണ്ണം

10.2. മേൽനോട്ടവും റിപ്പോർട്ടിംഗും

ബാധകമല്ല

10.3. സ്വതന്ത്രമായ വിലയിരുത്തലിന് വേണ്ടിയുള്ള പദ്ധതി

ബാധകമല്ല

അദ്ധ്യായം 11

സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

ഒരു ആരാധനാലയത്തിന്റെ കുരിശടി ഒഴിച്ച് യാതൊന്നും തന്നെ കുടിയൊഴിപ്പിക്കപ്പെടുന്നില്ല എന്നത് പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരം എന്ന് നിർവ്വചിക്കുന്നതിന് കാരണമാണ്. ബാധിക്കപ്പെടുന്ന വ്യാപാര സ്ഥാപനങ്ങൾ പലതും വർഷങ്ങളുടെ പഴക്കമുള്ളതും ഗതാഗത കുരുക്കിൽ വീർപ്പുമുട്ടുന്നതുമാണ്. അതുകൊണ്ടുതന്നെ പദ്ധതിയെ പദ്ധതിബാധിതർ സ്വാഗതം ചെയ്യുന്നു. എന്നാൽ ബാധിക്കപ്പെടുന്ന ചില കെട്ടിടങ്ങൾ എങ്കിലും പൂർണ്ണമായും പൊളിച്ചുമാറ്റി, പുതിയത് നിർമ്മിക്കുന്നതിന് കെട്ടിടം ഉടമസ്ഥർ തയ്യാറാകുന്നതും, പല സ്ഥാപനങ്ങളുടെയും, വളരെ സമീപത്തേക്ക് റോഡ് എത്തുന്നതും, എഴുപതോളം വ്യാപാര സ്ഥാപനങ്ങളെ കുടിയൊഴിപ്പിക്കപ്പെടുവാനുള്ള സാധ്യത സൃഷ്ടിക്കുന്നു. കൂടാതെ മുനിസിപ്പാലിറ്റി, തങ്ങളുടെ പഴയകെട്ടിടങ്ങൾ പുനർ നിർമ്മിക്കാൻ തയ്യാറായാൽ കുടിയൊഴിപ്പിക്കൽ സാധ്യത വീണ്ടു വർദ്ധിക്കും. ഇപ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന വാടകക്കാരായ വ്യാപാര സ്ഥാപനങ്ങൾക്ക് മുനിസിപ്പാലിറ്റി പുതുതായി നിർമ്മിക്കുന്ന വ്യാപാര സമുച്ചയങ്ങളിൽ മുൻഗണന നൽകുന്നതും, കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ നൽകി കെട്ടിട പുനർ നിർമ്മാണത്തിന് അനുവാദം നൽകുന്നതും പ്രത്യാഘാത ലഘൂകരണ നടപടിയാണ്. കുടിയൊഴിപ്പിക്കപ്പെടുന്ന വീടുകൾ പഠനത്തിൽ ശ്രദ്ധയിൽ കടന്നു വന്നിട്ടില്ല. എന്നാൽ ബാധിക്കപ്പെടുന്ന താമസ്സ ഭവനങ്ങൾ പുനർ നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുകൾ, ബാധിക്കപ്പെടുന്ന താമസ്സ ഭവന ഉടമസ്ഥർ പ്രതീക്ഷിക്കുന്നു.

ഉദ്ദേശം പതിനേഴ് ഇട റോഡുകൾ, വികസിപ്പിക്കുന്ന റോഡുകളിൽ നിന്ന് ആരംഭിക്കുകയോ, വന്നുചേരുകയോ ചെയ്യുന്നുണ്ട്. ഇട റോഡുകളിലേക്കുള്ള സുഗമമായ ഗതാഗതം ഉറപ്പ് വരുത്തേണ്ടതുണ്ട്. ബെൽ മൗത്തുകൾ രൂപപ്പെടുത്തി ഗതാഗതം സുഗമമാക്കുന്നത് പ്രത്യാഘാത ലഗൂകരണത്തെ സഹായിക്കും.

കുന്നംകുളം പട്ടണം പൂർണ്ണമായും ബാധിക്കുന്ന റോഡ് വികസനം ആണ് പദ്ധതി വിഭാവനം ചെയ്യുന്നത്. അതുകൊണ്ട് തന്നെ സമയ ബന്ധിത പൂർത്തീകരണം, ചുരുങ്ങിയ സമയം കൊണ്ടുള്ള പദ്ധതി നിർവ്വഹണം വ്യാപാര - വാണിജ്യ സൗകര്യങ്ങൾ വളരെ കുറഞ്ഞ അളവിൽ ബാധിക്കുന്ന രീതിയിൽ ഉള്ള പദ്ധതി നടപ്പാക്കൽ, വ്യാപാരികളുടെ സംഘടനകളുമായി ചർച്ചകളും, അവരുടെ നിർദ്ദേശങ്ങളും സ്വീകരിച്ചുള്ള പദ്ധതി പുരോഗതി ഇവ അത്യാവശ്യമാണ്. ഇവ പ്രത്യാഘാത ലഘൂകരിക്കാൻ അത്യാവശ്യമാണ്.

പദ്ധതിബാധിതർ ന്യായമായ നഷ്ടപരിഹാരം, അവരുടെ ഭൂമിയുടെയും, ചമയങ്ങളുടെയും നഷ്ടത്തിന് ആവശ്യപ്പെടുന്നു. മുൻകാലങ്ങളിൽ റോഡ് വികസനത്തിന് വേണ്ടി ഭൂമി വിട്ടുനൽകിയിട്ടുള്ള ഭൂ ഉടമസ്ഥർ ആണ് പലരും. അതുകൊണ്ട് തന്നെ കൈയ്യേറ്റങ്ങൾ വളരെ കുറവായിരിക്കാം എന്ന് പദ്ധതിബാധിതർ അവകാശപ്പെടുന്നു.

വ്യാപാരികൾക്ക് വ്യാപാര നഷ്ടം ഉണ്ടാവൻ സാധ്യത ഉണ്ട്, അതുകൊണ്ട് തന്നെ പദ്ധതി നിർവ്വഹണ സമയത്തെ വ്യാപാര നഷ്ടം നഷ്ടപരിഹാരമായി നൽകേണ്ടത് പ്രത്യാഘാത ലഘൂകരണത്തിന് സഹായകരമാണ്.

കുന്നംകുളം, സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട വ്യാപാര കേന്ദ്രമാണ്. കേരളം മുഴുവൻ വ്യാപിച്ചു കിടക്കുന്ന പല റീടെയിൽ വ്യാപാരങ്ങളുടെയും മൊത്ത വിതരണം , കുന്നംകുളം കേന്ദ്രീകരിച്ചാണ്. അതുകൊണ്ട് തന്നെ പദ്ധതി നിർവ്വഹണം, വ്യാപാര തടസ്സങ്ങൾ സൃഷ്ടിക്കാതെയോ എത്രയും സമയ ലഘൂകൃത രൂപത്തിലോ ആസൂത്രണം ചെയ്യുന്നത് പ്രത്യാഘാത ലഘൂകരണത്തിന് ആവശ്യമാണ്.

മേൽ സൂചിപ്പിച്ചതുപോലെ വ്യാപാര സ്ഥാപനങ്ങളുടെ കുടിയൊഴിപ്പിക്കൽ സംബന്ധമായ കൃത്യമായ നിഗമനം ഈ ഘട്ടത്തിൽ സാധ്യമല്ലാത്തതിനാൽ, ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന ഘട്ടത്തിൽ മാത്രമേ പൂർണ്ണമായും കുടിയൊഴിപ്പിക്കപ്പെടുന്ന കടകളിലെ തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുവാൻ സാധ്യമാവുകയൊള്ളു. വ്യാപാരി - വ്യവസായി സംഘടനകളുടെയും മുനിസിപ്പാലിറ്റി രേഖകളുടെയും അടിസ്ഥാനത്തിൽ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെ ലിസ്റ്റ് തയ്യാറാക്കി നഷ്ടപരിഹാരം നൽകേണ്ടതാണ്.

പദ്ധതി സംബന്ധമായി പദ്ധതി ബാധിതരുമായുള്ള സംവാദം, ജനപ്രതിനിധിയുടെ നേതൃത്വം, തദ്ദേശ സ്വയംഭരണ നേതൃത്വത്തിന്റെ പങ്കാളിത്തം എന്നിവയിൽ, പദ്ധതി സംസ്ഥാനത്തിന് തന്നെ മാതൃകയാണ്. ഈ സുതാര്യത, പദ്ധതിയിലുള്ള ജനപങ്കാളിത്തം വർദ്ധിപ്പിച്ച ഘടകമാണ്. ആയത് തുടർന്നും ഉണ്ടാവേണ്ടത് ജനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്ന നടപടിയാണ്.

ബാധിക്കപ്പെടുന്ന കെട്ടിടം നിലനിർത്താൻ സഹായിക്കണമെന്നും, പൂർണ്ണമായും ഏറ്റെടുക്കണം എന്നും ഉള്ള നിർദ്ദേശങ്ങൾ പല പദ്ധതിബാധിത കെട്ടിട ഉടമസ്ഥരിൽ നിന്നും ഉണ്ടാവുന്നുണ്ട്. ഇപ്രകാരമുള്ള കെട്ടിട ഉടമസ്ഥരെ തങ്ങളുടെ നിർദ്ദേശങ്ങളുടെ സാധ്യതകളും, പ്രത്യാഘാതങ്ങളും ബോധ്യപ്പെടുത്തുന്നത് അവരുടെ തീരുമാനമെടുക്കൽ പ്രക്രിയയെ കൂടുതൽ സാങ്കേതിക മികവുള്ളതാക്കുകയും പ്രത്യാഘാത ലഘൂകരണം സാധ്യമാക്കുകയും ചെയ്യും. ഏറ്റെടുത്തതിന് ശേഷം കെട്ടിട നിർമ്മാണം സാധ്യമാവാത്തവിധം ഏതാനും, ഭൂമികൾ അവശേഷിക്കുന്നുണ്ട്. അതിൽ ഒരു താമസ്സ സ്ഥലവും ഉൾപ്പെടുന്നു. ഇപ്രകാരമുള്ള ഓരോ ഭൂ ഉടമസ്ഥരുടെയും പ്രശ്നങ്ങൾ പരിശോധിച്ച് കെട്ടിട നിർമ്മാണ ഇളവുകൾ ആവശ്യമെങ്കിൽ നൽകുന്നത്, കുടിയൊഴിപ്പിക്കൽ ഒഴിവാക്കുകയും പ്രത്യാഘാത ലഘൂകരണം സാധ്യമാക്കുകയും ചെയ്യും.

മേൽപറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം, തുടർന്ന് സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടുകളിലൂടെ ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ്, എന്നാണ്.

ചെയർമാൻ
സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപ്പരസ്യം-ഫോം.നം.5- നോട്ടിഫിക്കേഷൻ
4. നോട്ടീസ്
5. പൊതു അഭിപ്രായ സ്വീകരണം-ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ
7. പദ്ധതി ബാധിതരുടെ പരാതികളും നിർദ്ദേശങ്ങളും

അനുബന്ധം - 1

പദ്ധതി ബാധിതരുടെ പേര് വിവരങ്ങൾ

പേജ് - 56- 117

(Attached Seperately)